بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

ലക്കം 40

# ബദർ

വീക്കിലി ഖാദിയാൻ

Weekly

BADAR Qadian

Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഒക്ടോബർ 06/ഹി.ശം. 1401 അഖാഅ് 06/ഹിജ്റ 1444 റബീഉൽ അവ്വൽ 9

## അല്ലാഹുവിന്റെ വചനം

وَرَحۡمَتِیۡ وَسِعَتۡ کُلَّ شَیۡءٍ ؕ فَسَاَکۡتُبُہَا لِلَّذِیۡنَ یَتَّقُوۡنَ وَیُؤۡتُوۡنَ الزَّکٰوۃَ وَالَّذِیۡنَ ہُمۡ بِاٰیٰتِنَا یُؤۡمِنُوۡنَ ﴿۱۵۷﴾ (سُوۡرَۃُ الۡاَعۡرَافِ:157)

'എന്റെ കാരുണ്യമാകട്ടെ സർവ്വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് സൂക്ഷ്മതകൈക്കൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത്(കാരുണ്യം)നാം എഴുതിവെക്കുന്നതാണ്.'

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### മൃഗത്തെ അകിട് കെട്ടൽ:

(2151) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ഒട്ടകത്തിന്റേയും ആടുകളുടേയും അകിട് കറക്കാതെ പാലു കെട്ടിനിറുത്തരുത്. കറക്കാതെ പാൽ കെട്ടിനിറുത്തിയ മൃഗത്തെ വല്ലവനും വാങ്ങിയാൽ കറന്നു നോക്കിയിട്ട് തൃപ്തിയായെങ്കിൽ മാത്രം സ്വീകരിച്ചാൽ മതി. തൃപ്തിയായില്ലെങ്കിൽത്തന്നെ പാലിനു പകരം ഒരു സാഅ് കാരക്കയോടുകൂടി ആടിനെ തിരിച്ചുകൊടുക്കണം.

### നല്ലരീതിയിൽ നമസ്കരിക്കുമെന്ന് പ്രതിജ്ഞ:

(2157) ഇസ്മായീൽ ഖയ്സ്(ബിൻ അബീ ഹാസിം)ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ ജരീർ(റ)ൽ നിന്ന് കേട്ടു. അദ്ദേഹം പറഞ്ഞു: നമസ്കാരം മുറപ്രകാരം നിർവഹിക്കുവാനും സകാത്തു കൊടുക്കുവാനും എല്ലാ മുസ്ലിമീങ്ങൾക്കും ഗുണം കാംക്ഷിക്കുവാനുംവേണ്ടി നബി(സ)തിരുമേനിയോടു ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്.

### അന്യാരാധകരിൽനിന്ന് എന്തെങ്കിലും വാങ്ങൽ:

(2216) അബ്ദുർറഹ്മാൻ ബിൻ അബൂബക്റിൽനിന്ന് നിവേദനം. ഞങ്ങൾ നബി(സ)തിരുമേനിയുടെ അടുത്ത് ഇരിക്കുമ്പോൾ ദീർഘകായകനും ചിതറിയമുടിയുമുള്ള ഒരു അന്യാരാധകൻ കുറെ ആടുകളെ തെളിച്ചുകൊണ്ടുവന്നു. നബി(സ)തിരുമേനി ചേദിച്ചു, വിൽക്കാനാണോ അതല്ല സമ്മാനമോ? വിൽപനക്കാണെന്ന് അയാൾ പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി അയാളിൽ നിന്ന് ഒരു ആടിനെ വിലക്കു വാങ്ങി. *(ബുഖാരി, വാല്യം 4, കിതാബുൽ ബുയൂഅ്. പ്രസാധനം 2008 ഖാദിയാൻ).*

The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/

**നബി(സ)തിരുമേനിയ്ക്ക് അതിനോടൊപ്പം അവിടത്തെ ഉമ്മത്തിൽനിന്ന് ഒരാൾ നിയോഗിക്കപ്പെടുമെന്ന സുവാർത്തയും ലഭിച്ചു. അദ്ദേഹം ബാഹ്യമായ ഫിത്നയേയും കുരിശുമതത്തിന്റെ യാഥാർഥ്യത്തേയും തുറന്നുകാണിക്കുന്നയാളും കുരിശിനെ മുറിക്കുന്ന ആളുമായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ആ മസീഹ്, മർയമിന്റെ മകൻ മസീഹ് ആയിരിക്കും. ആഭ്യന്തരമായ ഭിന്നിപ്പുകളും വഴികേടുകളും അകറ്റി സന്മാർഗത്തിന്റെ സത്യമായ വഴിയിൽ സ്ഥാപിക്കുന്നതുകൊണ്ട് അദ്ദേഹം മഹ്ദിയുമായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

അവസാന കാലത്തെ സംബന്ധിച്ച് അക്കാലത്ത് രണ്ടുതരത്തിലുള്ള ഫിത്നകൾ അഥവാ കലഹങ്ങളുണ്ടാകുമെന്ന് നബി(സ)തിരുമേനി പറഞ്ഞിരുന്നു. ഒന്ന് ആഭ്യന്തരമായിട്ടുളളത്. രണ്ട് ബാഹ്യമായിട്ടുള്ളത്. മുസ്ലിമീങ്ങൾ സത്യമായ സന്മാർഗത്തിൽ നിലകൊള്ളുകയില്ലെന്നതാണ് ആഭ്യന്തരമായ കലഹം. സാത്താനികമായ കർമങ്ങൾക്ക് വിധേയരായിരിക്കും. ചൂതാട്ടം, വ്യഭിചാരം, മദ്യപാനം, തുടങ്ങി എല്ലാതരത്തിലുമുള്ള ദുഷ്കർമങ്ങളിലും കുറ്റകൃത്യങ്ങളിലും അകപ്പെട്ട് അല്ലാഹുവിന്റെ പരിധികളിൽ നിന്ന് പുറത്തുപോകുന്നതായിരിക്കും. അല്ലാഹുവിന്റെ വിധിവിലക്കുകളെ വിലവെക്കുകയില്ല. നോമ്പും നമസ്കാരവും ഉപേക്ഷിക്കും. ദൈവകല്പനയോട് അനാദരവ് കാണിക്കും. ഖുർആനിക കല്പനകളെ പരിഹസിക്കും. നബി(സ) തിരുമേനിയുടെ പരിശുദ്ധമായ സത്തയുടെമേൽ കള്ളാരോപണം ഉന്നയിക്കുമെന്നതാണ് ബാഹ്യമായ കലഹം. എല്ലാ തരത്തിലുമുള്ള ഹൃദയത്തെവേദനിപ്പിക്കുന്ന ആക്രമണങ്ങൾകൊണ്ട് ഇസ്ലാമിനെ നിന്ദിക്കാനും തകർക്കാനും ശ്രമിക്കും. മസീഹിന്റെ ദൈവത്വം അംഗീകരിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ കുരിശിലെ ശാപമരണത്തെ വിശ്വസിപ്പിക്കുന്നതിനും എല്ലാ തരത്തിലുള്ള കുതന്ത്രങ്ങളും അടവുകളും പ്രയോഗിക്കുന്നതായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ബാഹ്യവും ആഭ്യന്തരവുമായ ഈ രണ്ടു വൻകുഴപ്പങ്ങളെ കുറിച്ച് അറിയിച്ച നേരത്ത് നബി(സ)തിരുമേനിയ്ക്ക് അതിനോടൊപ്പം അവിടത്തെ ഉമ്മത്തിൽനിന്ന് ഒരാൾ നിയോഗിക്കപ്പെടുമെന്ന സുവാർത്തയും ലഭിച്ചു. അദ്ദേഹം ബാഹ്യമായ ഫിത്നയേയും കുരിശുമതത്തിന്റെ യാഥാർഥ്യത്തേയും തുറന്നുകാണിക്കുന്നയാളും കുരിശിനെ മുറിക്കുന്ന ആളുമായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ആ മസീഹ്, മർയമിന്റെ മകൻ മസീഹ് ആയിരിക്കും. ആഭ്യന്തരമായ ഭിന്നിപ്പുകളും വഴികേടുകളും അകറ്റി സന്മാർഗത്തിന്റെ സത്യമായ വഴിയിൽ സ്ഥാപിക്കുന്നതുകൊണ്ട് അദ്ദേഹം മഹ്ദിയുമായിരിക്കും. ഈ സുവിശേഷത്തിലേക്കാണ് ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** എന്നതിൽ സൂചനയുള്ളത്. ഈ രണ്ടു ഫിത്നകളുമുണ്ടാകുമ്പോൾ, ഈ ഫിത്നകളുടെ അടിത്തറ രണ്ട് വൃത്തികെട്ട കാര്യങ്ങളുടെ മേലായിരിക്കും. ഒരു കക്ഷിയുണ്ടാകും, അവർ അദ്ദജ്ജാൽ എന്നു പറയപ്പെടും. മറ്റൊന്ന് യഅ്ജൂജും. *(മൽഫൂദാത്ത് വാല്യം 1, പേജ് 401, പ്രസാധനം ഖാദിയാൻ 2018)*

**അല്ലാഹു ഏതെല്ലാം വസ്തുക്കളെയാണോ അനുവദനീയമാക്കിയിട്ടുള്ളത് അവയെമാത്രമെ നമുക്ക് ഹലാൽ അഥവാ അനുവദനീയമെന്ന് പറയാൻ പറ്റുകയുള്ളുവെന്നും ഏതൊന്നിനെയാണോ ഹറാമെന്ന് പറഞ്ഞിരിക്കുന്നത് അവയെ മാത്രമെ നമുക്ക് ഹറാമെന്ന് പറയാൻ പറ്റുകയുള്ളുവെന്നുമാണ്. ഇതിനിടയിലുള്ള ബാക്കി വസ്തുക്കൾ ഹലാലിന്റേയും ഹറാമിന്റേയും ആജ്ഞാനുവർത്തിയായിരിക്കും. ബാക്കിയുള്ള പരിശുദ്ധമായ വസ്തുക്കൾ അനുവദനീയമാണ്. പരിശുദ്ധമായ വസ്തുക്കളല്ലാത്തത് അനുവദനീയമല്ല. ഇതിൽനിന്ന് എല്ലാ അനുവദനീയമായ വസ്തുക്കളും പരിശുദ്ധമല്ലെന്ന് മനസ്സിലാകുന്നു. പരിശുദ്ധമായതുമാത്രം തിന്നുന്നത് അനുവദനീയമാണ്. മറ്റുള്ളത് തിന്നുന്നത് അനുവദനീയമല്ല.**

സൂറത്തുന്നഹ്ലിന്റെ 116-ാം വചനമായ, ***ഇന്നമാ ഹർറമ അലയ്ക്കുമൽ മയ്ത്തത്ത വദ്ദമ വലഹ്മൽ ഖിൻസീരി വമാ ഉഹില്ല ലിഗയ്രില്ലാഹി ബിഹി ഫമനിള്ത്വുർറ ഗയ്റ ബാഗിൻ വ്വലാ ആദിൻ ഫ ഇന്നല്ലാഹ ഗഫൂറുർറഹീമുൻ***(ശവം രക്തം പന്നിമാംസം അല്ലാഹു അല്ലാത്തവർക്കുവേണ്ടി അർപണം ചെയ്യപ്പെട്ടത് എന്നിവ മാത്രമാണ് അവൻ നിങ്ങൾക്ക് വിരോധിച്ചിട്ടുള്ളത്. എന്നാൽ, സ്വയം ആഗ്രഹിക്കുന്നവനും അതിരുകവിഞ്ഞവനുമാകാതെ വല്ലവനും നിർബന്ധിതനായൽ; അപ്പോൾ അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ)പറയുന്നു:

ഈ വചനത്തെ സംബന്ധിച്ച് വലിയൊരു ചോദ്യമുണ്ടാകുന്നുണ്ട്. ഇതിൽ നാലു വസ്തുക്കൾ നിഷിദ്ധമാണെന്നാണ് പറയപ്പെട്ടിട്ടുള്ളത്. ഈ നാലു വസ്തുക്കൾ മാത്രമാണോ നിഷിദ്ധമായത്? ഇതിനു പുറമെ മറ്റൊരു വസ്തുവും നിഷിദ്ധമായിട്ടുള്ളതില്ലേ?...

ഈ വസ്തുക്കളാണ് നിഷിദ്ധമെന്നും മറ്റൊന്നും നിഷിദ്ധമല്ലെന്നും പറഞ്ഞിട്ടുള്ളവരുടെ മൊഴി അവശേഷിക്കുന്നു. എന്റെ പക്കൽ അവർ പറഞ്ഞ കാര്യം ശരിയാണ്. കാരണം ഇവകൂടാതെ മറ്റൊരു അർഥവും വെക്കുക സാധ്യമല്ല. ഈ അഭിപ്രായക്കാരിൽ ഒരാൾ ഇബ്നു അബ്ബാസുമാണ്. അദ്ദേഹത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം ഇതായിരുന്നുവെന്ന് ബുഖാരിയിൽ ജാബിർ ബിൻ അബ്ദുല്ലായിൽനിന്ന് ഒരു

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ചില ചരിത്രകാരന്മാർ ഡമസ്കസ് വിജയം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, ഡമസ്കസ് യുദ്ധം ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്ത് കാലത്ത് ആരംഭിച്ചിട്ടുണ്ടായിരുന്നു. വിജയ വാർത്ത മദീനയിൽ എത്തുമ്പോഴേക്കും ഹദ്റത്ത് അബൂബക്ർ(റ)വഫാത്തായിക്കഴിഞ്ഞിരുന്നു.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ദക്ഷിണ ഫലസ്തീനിലെ ജമാഅത്ത് സദ്റായിരുന്ന ജനാബ് ഉമർ അബൂ അർഖൂബ് സാഹിബ്, മഹ്ബൂബ് അഹ്മദ് രാജേകി സാഹിബ്, മാലിക് സുൽത്വാൻ അഹ്മദ് സാഹിബ്, ജനാബ് ശെയ്ഖ് നാസിർ അഹ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2022 സെപ്റ്റംബർ 2/1401 തബൂക് 2,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡھَدُ اَنۡ لَّا اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○
اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَ لَا الضَّآلِّیۡنَ ○

ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിലുണ്ടായ യുദ്ധങ്ങളെ കുറിച്ചുള്ള അനുസ്മരണമാണ് നടന്നുവരുന്നത്. ഇതിനോടനുബന്ധിച്ച് ഹിജ്റ പതിമൂന്നിനുണ്ടായ ഡമസ്കസ് വിജയത്തെ കുറിച്ച് വിശദീകരിക്കുന്നതാണ്. ഇത് ഹദ്റത്ത് അബൂബക്ർസിദ്ദീഖി(റ)ന്റെ കാലഘട്ടത്തിലുണ്ടായ അവസാനത്തെ യുദ്ധമായിരുന്നു. ഡമസ്കസിന്റെ സ്ഥാനത്തെ കുറിച്ചു പറയുന്നു: പുരാതന ഡമസ്കസ് സിറിയയുടെ തലസ്ഥാനവും ചരിത്രപരമായ പ്രാധാന്യമുള്ള പട്ടണവുമായിരുന്നു. പ്രാരംഭകാലത്ത് ഇത് വിഗ്രഹാരാധനയുടെ വളരെ വലിയ കേന്ദ്രമായിരുന്നു. എന്നാൽ, ക്രിസ്ത്യാനികളുടെ വരവോടുകൂടി വിഗ്രഹകേന്ദ്രങ്ങൾ ചർച്ചുകളായി മാറ്റപ്പെട്ടു. ഇത് വളരെ സുപ്രധാനമായ കച്ചവട കേന്ദ്രം കൂടിയായിരുന്നു. ഇവിടെ അറബികളും വസിച്ചിരുന്നു. മുസ്ലിമീങ്ങളുടെ കച്ചവട സംഘങ്ങൾ ഇവിടെ വന്നും പോയുമിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് ഈ സ്ഥലത്തെ കുറിച്ച് അറിവുണ്ടായിരുന്നു. ദിമശ്ഖ് അഥവാ ഡമസ്കസ് കോട്ടപോലെ വലയം ചെയ്യപ്പെട്ട ഒരു പട്ടണമായിരുന്നു. സംരക്ഷണവും സുരക്ഷിതത്വവും കാരണം അതിന് ഒരു പ്രത്യേക സ്ഥാനവുമുണ്ടായിരുന്നു. ഇതിന്റെ നാല് അതിരുകളും വലിയ വലിയ പാറകൾകൊണ്ട് നിർമിച്ചതായിരുന്നു. അതിന്റെ ഉയരം ആറു മീറ്ററോളമുണ്ടായിരുന്നു. ഇതിൽ വളരെ സുശക്തമായ വാതിലുകളുമുണ്ടായിരുന്നു. ഈ മതിലുകളുടെ വീതി മൂന്നു മീറ്ററായിരുന്നു. അതിന്റെ വാതിലുകൾ ശക്തമായി കൊട്ടിയടക്കപ്പെട്ടിരുന്നു. ഭിത്തികൾക്ക് നാലുപാടും ആഴത്തിലുള്ള കിടങ്ങുകളുമുണ്ടായിരുന്നു. അതിന്റെ വീതി മൂന്നുമീറ്ററായിരുന്നു. ഈ കിടങ്ങുകൾ നദിയിലെ വെള്ളംകൊണ്ട് എല്ലാ സമയവും നിറച്ചുവെച്ചിരുന്നു. ഇക്കാരണങ്ങളാൽ ഡമസ്കസ് വളരെ സുശക്തവും സുഭദ്രവുമായിരുന്നു. ആർക്കും അതിൽ കയറുന്നത് എളുപ്പമല്ലായിരുന്നു. *(സയ്യിദുനാ ഉമർ ബിൻ ഖത്വാബ്, അലി മുഹമ്മദ് അസ്സ്വലാബീ, പേജ് 725, മക്തബുൽ ഫുർഖാൻ മുള്ഫർ ഗഢ്)*

ഹദ്റത്ത് അബൂബക്ർ(റ)സിറിയയിലേക്ക് വിവിധ സൈന്യങ്ങളെ അയച്ചപ്പോൾ ഹദ്റത്ത് അബൂഉബയ്ദയെ ഒരു സൈന്യത്തിന്റെ അമീറാക്കി നിശ്ചയിച്ചുകൊണ്ട് അദ്ദേഹത്തോട് ഹിംസിലെത്താൻ കല്പിച്ചു. ഹിംസ് ഡമസ്കസിന് സമീപം സിറിയയുടെ സുപ്രസിദ്ധമായ വളരെ വലിയ പൗരാണിക പട്ടണമായിരുന്നു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ് 333, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)(ഫർഹങ്കെ സീറത്ത് പേജ് 106, സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ നിർദേശത്തെ തുടർന്ന് ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ഡമസ്കസിലെത്തി മറ്റു മുസ്ലിം സൈന്യങ്ങളോടൊപ്പം അതിനെ വലയം ചെയ്തു. ഡമസ്കസുകാർ കോട്ടമതിലുകളിൽ കയറി മുസ്ലിമീങ്ങളെ കല്ലെറിയുകയും അമ്പെയ്യാൻ തുടങ്ങുകയും ചെയ്തു. മുസ്ലിമീങ്കളാകട്ടെ തുകൽ കൊണ്ടുള്ള പടച്ചട്ടയുമായി തങ്ങളെ പ്രതിരോധിച്ചുകൊണ്ടിരുന്നു. അവസരം കിട്ടുമ്പോൾ മുസ്ലിമീങ്ങളും അവർക്കുനേരെ അമ്പെയ്യുമായിരുന്നു. ഇങ്ങനെ ഇരുപതു ദിവസം കടന്നു പോയി. പക്ഷേ, ഒരു ഫലവുമുണ്ടായില്ല.

ഡമസ്കസുകാർ കോട്ടയ്ക്കുള്ളിൽ ഉപരോധത്തിൽ ആയിരുന്നതിനാൽ വളരെ പ്രയാസത്തിലാണ് കഴിഞ്ഞിരുന്നത്. കോട്ടയ്ക്കുള്ളിൽ സാധനസാമഗ്രികളും തീർന്നു കൊണ്ടിരിക്കുകയായിരുന്നു. മാത്രമല്ല ഡമസ്കസുകാരുടെ വയലുകൾ കോട്ടക്ക് പുറത്തായിരുന്നു. അതുകൊണ്ട് അവരുടെ കൃഷിപ്പണികളിൽ നഷ്ടമുണ്ടായിക്കൊണ്ടിരുന്നു. കോട്ടയ്ക്കുള്ളിൽ ധാന്യം കടത്താൻ സാധ്യമല്ലായിരുന്നു. സാധനങ്ങളുടെ കൈമാറ്റവും കുറഞ്ഞിരുന്നു. ഉപരോധം നീണ്ടതു കാരണം അവർ കടുത്ത പ്രതിസന്ധിയിലും ബുദ്ധിമുട്ടിലും അകപ്പെട്ടിരുന്നു. ഇതിന്നിടയിൽ, അതായത് ഡമസ്കസിന്റെ പ്രതിരോധത്തിന് ഇരുപതുദിവസം കഴിഞ്ഞപ്പോൾ ഹിർഖൽ ചക്രവർത്തി അജ്നാദയ്ൻ എന്ന സ്ഥലത്ത് റോമക്കാരുടെ ഒരു വലിയ സൈന്യത്തെ സംഘടിപ്പിക്കുന്നുണ്ടെന്ന് മുസ്ലിമീങ്ങൾ അറിയാനിടയായി. ഈ വാർത്ത കേട്ടതും ഹദ്റത്ത് ഖാലിദ്(റ) കിഴക്കു ഭാഗത്തുള്ള കവാടത്തിലൂടെ പുറപ്പെട്ട് ജാബിയകവാടത്തിൽ ഹദ്റത്ത് അബൂഉബയ്ദയുടെ അടുക്കലെത്തി. സ്ഥിഗതികളെ കുറിച്ച് അറിയിപ്പു നല്കിക്കൊണ്ട് തന്റെ അഭിപ്രായം അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'നമുക്ക് ഡമസ്കസിന്റെ ഉപരോധം ഉപേക്ഷിച്ച് അജ്നാദയ്നിൽ റോമൻ സൈന്യത്തെ പരാജയപ്പെടുത്താം. അല്ലാഹു നമുക്ക് വിജയം നൽകുകയാണെങ്കിൽപ്പിന്നെ ഇവിടെ തിരിച്ചുവരാം. അങ്ങനെ ഡമസ്കസിന്റെ പ്രശ്നവും തീർക്കാം.' ഹദ്റത്ത് അബൂഉബയ്ദ(റ) പറഞ്ഞു: 'എന്റെ അഭിപ്രായം ഇതിനുനേരേ വിപരീതമാണ്. കാരണം, ഇരുപതു ദിവസത്തോളം കോട്ടയ്ക്കുള്ളിൽ ഉപരോധത്തിലായ കാരണത്താൽ ഡമസ്കസുകാർ പ്രയാസത്തിലാണുള്ളത്. നമ്മെ കുറിച്ചുള്ള ഭയം അവരുടെ ഹൃദയത്തിൽ ആധിപത്യം പുലർത്തുന്നുണ്ട്. നമ്മൾ ഇവിടെനിന്ന് പോകുകയാണെങ്കിൽ അവർക്ക് ആശ്വാസം കിട്ടുകയും അന്നപാനീയത്തിനുള്ള വസ്തുവകകൾ അവർ കോട്ടയ്ക്കുള്ളിൽ ധാരാളമായി ശേഖരിക്കുകയും ചെയ്യും. നമ്മൾ അജ്നാദയ്നിൽനിന്ന് തിരിച്ചു വരുമ്പോഴേക്കും ഇവർ നീണ്ടകാലംവരെയും നമ്മളെ നേരിടാൻ കഴിവുള്ളവർ ആയിട്ടുണ്ടാകും.'

ഹദ്റത്ത് ഖാലിദ്(റ), ഹദ്റത്ത് അബൂഉബയ്ദയുടെ അഭിപ്രായത്തോട് യോജിക്കുകയും ഉപരോധം തുടരുകയും ചെയ്തു. ഡമസ്കസിന്റെ കോട്ടയുടെ വിവിധ കവാടങ്ങളിൽ നിശ്ചയിക്കപ്പെട്ടിരുന്ന സൈന്യാ

ധിപന്മാരോട് തങ്ങളുടെ ഭാഗത്തുനിന്നുള്ള ആക്രമണം ശക്തമാക്കാൻ കൽപിച്ചു.

ഹദ്റത്ത് ഖാലിദിന്റെ കൽപനയെ പ്രാവർത്തികമാക്കിക്കൊണ്ട് എല്ലാ ഭാഗത്തുനിന്നും ഇസ്‌ലാമിക സൈന്യം ശക്തമായ ആക്രമണം തുടർന്നു. അങ്ങനെ ഡമസ്കസിന്റെ ഉപരോധത്തിൽ 21 ദിവസം കഴിഞ്ഞു.

ഹദ്റത്ത് ഖാലിദ് മുസ്‌ലിമീങ്ങളോട് ആക്രമണം ശക്തമാക്കാൻ പ്രേരിപ്പിച്ചതോടൊപ്പംതന്നെ സ്വന്തം നിലയ്ക്ക് കിഴക്കൻ കവാടത്തിൽനിന്നു ശക്തമായ ആക്രമണവും ആരംഭിച്ചു. ഡമസ്കസുകാർ എല്ലാ നിലയ്ക്കും പ്രയാസത്തിലായി. അവർ ഹിർഖൽ ചക്രവർത്തിയുടെ സഹായം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഹദ്റത്ത് ഖാലിദ് തുടരെത്തുടരെ ആക്രമണം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ അദ്ദേഹം യുദ്ധത്തിൽ വ്യാപൃതനായിരിക്കുമ്പോൾ കോട്ടയ്ക്കകത്തുണ്ടായിരുന്ന റോമക്കാർ ഇടക്കിടെ കൈകൊട്ടുന്നതും നൃത്തം ചെയ്യുന്നതും സന്തോഷം പ്രകടിപ്പിക്കുന്നതും കാണാനിടയായി. മുസ്‌ലിമീങ്ങൾ അത്ഭുതത്തോടെ അവരെ നോക്കുകയായിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഒരു ഭാഗത്തുനിന്ന് ഒരു വലിയ പൊടിക്കാറ്റ് അവർക്ക് നേരെ ഉയരുന്നതായി കണ്ടു. അതുകാരണം ആകാശം കറുക്കുന്നതായും പകൽ സമയത്ത് അന്ധകാരം പരക്കുന്നതായും കണ്ടു. ഹദ്റത്ത് ഖാലിദിനു കാര്യം എളുപ്പത്തിൽ മനസ്സിലായി. ഡമസ്കസിനെ സഹായിക്കാൻ ഹിർഖൽ ചക്രവർത്തിയുടെ സൈന്യം വരുകയായിരുന്നു. കുറച്ച് സമയത്തിനകം വിവരങ്ങൾ ശേഖരിക്കുന്നവർ ഒരു വലിയ സൈന്യം മലയുടെ താഴ്‌വരയിലൂടെ വരുന്നതും അത് റോമക്കാരുടെ സൈന്യമാണെന്നു സ്ഥിരീകരിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ്[റ], ഹദ്റത്ത് അബൂഉബയ്ദയുടെ അടുക്കൽ ഉടനെ എത്തുകയും കാര്യങ്ങളെ കുറിച്ച് അദ്ദേഹത്തെ അറിയിച്ചുകൊണ്ട് ഇങ്ങനെ പറയുകയും ചെയ്തു: 'ഞാൻ ആഗ്രഹിക്കുന്നത് എല്ലാ സൈന്യത്തെയുംകൂട്ടി ഹിർഖൽ അയച്ചിരിക്കുന്ന സൈന്യത്തെ നേരിടാൻ പോകണമെന്നാണ്. അതിനെ കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?' ഹദ്റത്ത് അബൂഉബയ്ദ[റ] പറഞ്ഞു: 'അതുശരിയല്ല! കാരണം നമ്മൾ ഈ സ്ഥലം ഒഴിഞ്ഞാൽ കോട്ടയ്ക്കുള്ളിലുള്ളവർ പുറത്തുവന്ന് നമ്മളുമായി യുദ്ധം ചെയ്യും. ഒരു ഭാഗത്ത് ഹിർഖലിന്റെ സൈന്യം നമ്മെ ആക്രമിക്കും. മറുഭാഗത്ത് ഡമസ്കസുകാരും നമ്മെ ആക്രമിക്കും. നമ്മൾ റോമക്കാരുടെ രണ്ടു സൈന്യങ്ങൾക്കു നടുവിൽ പ്രയാസത്തിൽ അകപ്പെട്ടുപോകുകയും ചെയ്യും.'

അപ്പോൾ ഹദ്റത്ത് ഖാലിദ് ചോദിച്ചു: 'എങ്കിൽപ്പിന്നെ താങ്കളുടെ അഭിപ്രായമെന്താണ്?' ഹദ്റത്ത് 'അബൂഉബയ്ദ[റ] പറഞ്ഞു: 'താങ്കൾ ശക്തനും യോദ്ധാവുമായ ഒരാളെ തിരഞ്ഞെടുക്കുകയും അയാളോടൊപ്പം ഒരു സംഘത്തെ ശത്രുക്കളെ നേരിടാൻ അയക്കുകയും ചെയ്യുക. അങ്ങനെ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ], ഹദ്റത്ത് ളിറാർ ബിൻ അഥ്‌വറിനെ അഞ്ഞൂറ് സൈനികരോടൊപ്പം റോമൻ സൈന്യത്തെ നേരിടാൻ പറഞ്ഞയച്ചു. മറ്റൊരു നിവേദന മനുസരിച്ച് ഹദ്റത്ത് ളിറാറിന്റെ സൈനിക ബലം അയ്യായിരമാണെന്നും പറയുന്നുണ്ട്. *(മർദാനെ അറബ്, ഭാഗം 1, അബ്ദുസ്സത്താർ ഹമദാനീ, പേജ് 203-204, അക്ബർ ബുക് സെല്ലേർസ് ലാഹോർ)(ഫുതൂഹുശ്ശാം, വാഖ്ദീ, വാള്യം 1, പേജ് 48)*

ഏതായിരുന്നാലും ഹദ്റത്ത് ളിറാർ[റ] അഞ്ഞൂറ് സൈനികരുമായി അഥവാ അദ്ദേഹത്തോടൊപ്പമുള്ള സൈനികരുമായി റോമക്കാരുടെ സൈന്യത്തിനടുത്തേക്ക് നീങ്ങി. ചില സൈനികർ റോമക്കാരുടെ സൈന്യത്തെ കണ്ടപ്പോൾ അദ്ദേഹത്തോടു പറഞ്ഞു: 'ഇതു വളരെ വലിയ സൈന്യമാണല്ലോ? നമ്മൾ അഞ്ഞൂറ് പേരേയുള്ളൂ. നമ്മൾ തിരിച്ചുപോയി നമ്മുടെ സൈന്യത്തോടൊപ്പം യുദ്ധം ചെയ്യുന്നതാണ് ഉചിതം.' ഹദ്റത്ത് ളിറാർ[റ] പറഞ്ഞു: 'ശത്രുക്കളുടെ ആധിക്യത്തിൽ പരിഭ്രമിക്കേണ്ടതില്ല. അല്ലാഹു ഒരുപാടുതവണ ചെറിയ സംഘത്തിന് വലിയ സംഘങ്ങൾക്കുമേൽ വിജയം നൽകിയിട്ടുണ്ട്. അവനിപ്പോഴും നമ്മെ സഹായിക്കുന്നതാണ്. സുഹൃത്തുക്കളേ! തിരിച്ചു പോകുന്നത് ജിഹാദിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. അത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ അറബികളുടെ ധീരതയെയും ജീവത്യാഗത്തെയും കളങ്കിതമാക്കുമോ? തിരിച്ചുപോകേണ്ടവർക്ക് പോകാവുന്നതാണ്. ഞാൻ യുദ്ധം ചെയ്യുകയും ഇസ്‌ലാമിന്റെ നാമം ഉയർത്തുകയും ചെയ്യുന്നതാണ്. അല്ലാഹു എന്നെ പിന്തിരിഞ്ഞോടുന്നവനായി കാണാതിരിക്കട്ടെ.'

അപ്പോൾ എല്ലാ മുസ്‌ലിമീങ്ങളും ഏകസ്വരത്തിൽ പറഞ്ഞു: 'ഞങ്ങൾ ഇസ്‌ലാമിനുവേണ്ടി ജീവൻ ത്യജിച്ചുകൊണ്ട് ശഹാദത്ത് വരിക്കുന്നതാണ്. അതായത് ഞങ്ങൾ യുദ്ധത്തിന് തയ്യാറാണ്.' ഹദ്റത്ത് ളിറാർ[റ] സന്തോഷഭരിതനായി. അദ്ദേഹം ഇങ്ങനെ കൽപിച്ചു: 'ശത്രുക്കൾക്കുമേൽ ഒരൊറ്റ ആക്രമണം കൊണ്ടുതന്നെ അവരെ നിലംപരിശാക്കുക. മുസ്‌ലിമീങ്ങളും ഹദ്റത്ത് ളിറാറും റോമൻ സൈന്യത്തിനുമേൽ തുടർച്ചയായി ധൈര്യസമേതം ആക്രമണം നടത്തി. റോമൻ സൈന്യാധിപന്റെ മകൻ ഹദ്റത്ത് ളിറാറിനെ ആക്രമിച്ചു. അദ്ദേഹത്തിന്റെ ഇടതുകൈയിൽ കുന്തം കൊണ്ട് കുത്തിയ കാരണത്താൽ അവിടെ നിന്ന് രക്തം പ്രവഹിക്കാൻ തുടങ്ങി. പക്ഷേ, ഒരു നിമിഷത്തിനകം അദ്ദേഹം അയാളുടെ നെഞ്ചിലേക്ക് കുന്തംകൊണ്ട് കുത്തി അയാളെ കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ കുന്തം അയാളുടെ നെഞ്ചിൽ തറച്ചു. അതിന്റെ കുന്തമുന പൊട്ടിപ്പോയി. റോമൻ സൈന്യം അദ്ദേഹത്തിന്റെ ആവനാഴി കാലിയാണെന്ന് കണ്ടപ്പോൾ അദ്ദേഹത്തിനടുത്തേക്ക് കുതിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. *(ഇസ്‌ലാമീ ജങ്കേം, പേജ് 123-125, റഫീഖ് അഞ്ചും മക്കി, ദാറുൽകുതുബ് ലാഹോർ)(മർദാനെ അറബ്, ഭാഗം 1, അബ്ദുസ്സത്താർ ഹമദാനീ, പേജ് 206, അക്ബർ ബുക് സെല്ലേർസ് ലാഹോർ)*

കാരണം കൈയിൽ ആയുധങ്ങളൊന്നുമില്ലായിരുന്നു. ഹദ്റത്ത് ളിറാർ[റ] ബന്ദിയായെന്ന് കണ്ടപ്പോൾ സ്വഹാബാക്കൾ ദുഃഖിതരും അസ്വസ്ഥരുമായി. അവർ പല നിലയ്ക്കും പ്രതിരോധയുദ്ധം ചെയ്തു. പക്ഷേ, അദ്ദേഹത്തെ മോചിപ്പിക്കാൻ കഴിഞ്ഞില്ല. ഹദ്റത്ത് ളിറാർ[റ] ബന്ദിയാണെന്ന വിവരം ഹദ്റത്ത് ഖാലിദിന് കിട്ടിയപ്പോൾ അദ്ദേഹം ഏറെ അസ്വസ്ഥനാകുകയും കൂടെയുള്ളവരോട് റോമൻ സൈന്യത്തെ കുറിച്ച് അറിഞ്ഞതിനുശേഷം ഹദ്റത്ത് അബൂഉബയ്ദയുമായി കൂടിയാലോചന നടത്തുകയും യുദ്ധത്തെ കുറിച്ച് അഭിപ്രായമാരായുകയും ചെയ്തു. ഹദ്റത്ത് അബൂഉബയ്ദ[റ] പറഞ്ഞു: 'ഡമസ്കസിന്റെ ഉപരോധത്തിനുള്ള ഉചിതമായ സംവിധാനം ഏർപെടുത്തിയതിനുശേഷം താങ്കൾക്ക് യുദ്ധം ചെയ്യാവുന്നതാണ്.' ആ സമയത്ത് കമാന്റർ ഹദ്റത്ത് അബൂഉബയ്ദ[റ] ആയിരുന്നു. ഹദ്റത്ത്ഖാലിദ്[റ] ഉപരോധത്തിനുള്ള സംവിധാനം ഏർപെടുത്തിയതിനുശേഷം തന്റെ സുഹൃത്തുക്കളോടൊപ്പം ശത്രുക്കളെ പിന്തുടർന്നു. അവരോടു പറഞ്ഞു: 'ശത്രുക്കളെ കാണുന്ന മാത്രയിൽത്തന്നെ മിന്നൽ ആക്രമണം നടത്തണം. അവർ ളിറാറിനെ വധിച്ചിട്ടില്ലെങ്കിൽ ഒരുപക്ഷേ, നമുക്ക് അദ്ദേഹത്തെ മോചിപ്പിക്കാൻ കഴിയും. ഇനി അവർ ളിറാറിനെ ശഹീദാക്കിയെങ്കിൽ അല്ലാഹുവാണ! നമ്മൾ അവരോട് ശക്തമായി പകരം ചോദിക്കുന്നതാണ്. അല്ലാഹു ളിറാറിനെ സംബന്ധിച്ച് നമുക്ക് ദുഃഖം തരികയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' ഇതിന്നിടയിൽ ഹദ്റത്ത് ഖാലിദ്[റ] ഒരു ഒത്ത ചെമന്ന കുതിരയുടെമേൽ സഞ്ചരിക്കുന്ന കുതിര സവാരിക്കാരനെ കാണുകയുണ്ടായി. അയാളുടെ കൈയിൽ നീളമുള്ള തിളങ്ങുന്ന കുന്തമുണ്ടായിരുന്നു. അയാളുടെ രൂപഭാവത്തിൽനിന്ന് അയാളൊരു ബുദ്ധിമാനായ യോദ്ധാവും യുദ്ധനിപുണനുമാണെന്ന് വ്യക്തമായിരുന്നു. പടച്ചട്ടയ്ക്ക് മുകളിൽ വസ്ത്രവും അണിഞ്ഞിരുന്നു. മുഴുവൻ ശരീരവും മുഖവും മറച്ചിരുന്നു. സൈന്യത്തിന് മുന്നിലായിരുന്നു അയാൾ ഉണ്ടായിരുന്നത്.

ഹദ്റത്ത് ഖാലിദ് ആ കുതിരപ്പടയാളി ആരാണെന്നു അറിയാൻ ആഗ്രഹിച്ചിരുന്നു. അല്ലാഹുവാണ! ഈ വ്യക്തി വളരെ ധീരശൂരനാണെന്ന് തോന്നുന്നു. എല്ലാവരും അയാൾക്കു പിന്നിൽ നീങ്ങുകയായിരുന്നു. ഇസ്‌ലാമിക സൈന്യം ശത്രുക്കൾക്കടുത്തെത്തിയപ്പോൾ ആ കുതിരപ്പടയാളി പരുന്ത് ചെറിയ പക്ഷികൾക്കുമേൽ ആക്രമണം നടത്തുന്നതുപോലെ യുദ്ധം ചെയ്യുന്നതായി ആളുകൾ കണ്ടു. അയാളുടെ ഒരു ആക്രമണംതന്നെ ശത്രു സൈന്യത്തിൽ കോളിളക്കമുണ്ടാക്കി. ശവശരീരങ്ങൾ കുമിഞ്ഞുകൂടി. അങ്ങനെ അയാൾ മുന്നോട്ട് ഗമിച്ച് ശത്രു സൈന്യത്തിന് നടുവിലെത്തി. അദ്ദേഹം തന്റെ ജീവനെ അപകടത്തിൽ അകപെടുത്തിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് വീണ്ടും തിരിയുകയും ശത്രു സൈന്യത്തെ പിളർത്തിക്കൊണ്ട് ഉള്ളിൽ കടക്കുകയും ചെയ്തു. മുന്നിൽ വരുന്ന ഓരോരുത്തരെയും ഛിന്നഭിന്നമാക്കി. പലരും കരുതിയത് ആ വ്യക്തി ഹദ്റത്ത് ഖാലിദ് തന്നെയായിരുന്നു എന്നാണ്.

റാഫിഅ്(റ) അത്ഭുതത്തോടെ ഖാലിദിനോടു ചോദിച്ചു: 'ഈ വ്യക്തി ആരാണ്?' ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'എനിക്കറിയില്ല. അതാരാണെന്നുള്ള കാര്യത്തിൽ ഞാനും ആശ്ചര്യപ്പെടുകയാണ്.' ഹദ്റത്ത് ഖാലിദ് സൈന്യത്തിന് മുന്നിലായിരുന്നു. ആ കുതിര സവാരിക്കാരൻ റോമൻ സൈന്യത്തിൽനിന്ന് പുറത്തു വന്നു. ഒരു റോമൻ സൈനികനും അയാളെ നേരിടാൻ കെൽപുണ്ടായിരുന്നില്ല. അദ്ദേഹം ഒറ്റക്ക് യുദ്ധം ചെയ്തുകൊണ്ട് റോമക്കാർക്കിടയിൽ പൊരുതുകയായിരുന്നു. ഇതിന്നിടയിൽ ഹദ്റത്ത് ഖാലിദ് പൊരുതിക്കൊണ്ട് അദ്ദേഹത്തെ ശത്രുക്കളുടെ വലയത്തിൽ നിന്നു പുറത്തെത്തിച്ചു. അങ്ങനെ ആ വ്യക്തി ഇസ്‌ലാമിക സൈന്യത്തിലെത്തി. ഹദ്റത്ത് ഖാലിദ്(റ) പറഞ്ഞു: 'നീ നിന്റെ കോപം മുഴുവൻ അല്ലാഹുവിന്റെ ശത്രുക്കൾക്കെതിരിൽ പ്രകടിപ്പിച്ചിരിക്കുന്നു. നീ ആരാണെന്ന് പറയുക?' പക്ഷേ, ആ വ്യക്തി ഒന്നുംതന്നെ പറഞ്ഞില്ല. വീണ്ടും യുദ്ധത്തിന് തയ്യാറായി. ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'അല്ലാഹുവിന്റെ ദാസാ! നീ എന്നെയും മുഴുവൻ മുസ്‌ലിമീങ്ങളേയും അസ്വസ്ഥതയിലാക്കിയിരിക്കുകയാണ്. നീ ഒന്നും ഗൗനിക്കുന്നില്ല. നീ ആരാണെന്ന് പറയൂ?' ഹദ്റത്ത് ഖാലിദിന്റെ ശാഠ്യം കാരണം ആ വ്യക്തി മറുപടിയായി പറഞ്ഞു: 'ഞാൻ ധിക്കാരം കൊണ്ടല്ല മുഖം തിരിക്കുന്നത്. ഞാൻ ധിക്കാരിയല്ല. അതുകൊണ്ടാണ് മറുപടി തരാത്തതും. പ്രത്യുത എനിക്ക് ലജ്ജയുണ്ട്. കാരണം ഞാൻ പുരുഷനല്ല, ഒരു സ്ത്രീ ആകുന്നു.'

സ്ത്രീകളും ഇത്രമാത്രം ധൈര്യം കാണിച്ചിരുന്നു. അവർ പറഞ്ഞു: 'എന്നെ എന്റെ ഹൃദയവേദനയാണ് രണാങ്കണത്തിൽ ഇറക്കിയിരിക്കുന്നത്.' ഹദ്റത്ത് ഖാലിദ് ചോദിച്ചു: 'ഏത് സ്ത്രീ ?' ആ സ്ത്രീ പറഞ്ഞു: 'ഞാൻ ളിറാറിന്റെ സഹോദരി ഖൗല ബിൻത് അസ്‌വർ ആകുന്നു. സഹോദരൻ തടവിലാണെന്ന് അറിഞ്ഞപ്പോളാണ് നിങ്ങൾ ഈ കണ്ടതെല്ലാം ഞാൻ ചെയ്തത്.' ഹദ്റത്ത് ഖാലിദ്(റ) ഇതുകേട്ടപ്പോൾ പറഞ്ഞു: 'നമുക്ക് ഒന്നിച്ചുനിന്ന് പോരാടണം. ഞാൻ പ്രതീക്ഷിക്കുന്നത് അല്ലാഹു ളിറാറിനെ തടവുകാരനായ അവസ്ഥയിൽ നിന്ന് മോചിപ്പിക്കുമെന്നാണ്.' ഹദ്റത്ത് ഖൗല(റ) പറഞ്ഞു: 'ഞാനും യുദ്ധത്തിന് മുൻപന്തിയിലുണ്ടാകും.' ഹദ്റത്ത് ഖാലിദ് ശക്തമായി യുദ്ധം ചെയ്തു. റോമക്കാരുടെ ചുവടുകൾ ഇളകാൻ തുടങ്ങി. റോമൻ സൈന്യം ഛിന്നഭിന്നമായി. ഹദ്റത്ത് റാഫിഅും ധീരമായി പൊരുതി. മുസ്‌ലിമീങ്ങൾ വീണ്ടും ഒരിക്കൽകൂടി ശക്തമായി പോരാടാൻ തയ്യാറെടുക്കുകയായിരുന്നു. പെട്ടെന്ന് ശത്രു സൈന്യത്തിലെ ചിലയാളുകൾ അഭയം ചോദിച്ചുകൊണ്ട് ശീഘ്രഗതിയിൽ വരികയുണ്ടായി. ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'അവർക്ക് അഭയം കൊടുത്ത് എന്റെ അടുത്ത് കൊണ്ടുവരുക.' ഹദ്റത്ത് ഖാലിദ് അവരോട് ചോദിച്ചു: 'നിങ്ങളാരാണ്? അവർ പറഞ്ഞു: 'ഞങ്ങൾ റോമൻ സൈന്യത്തിൽ പെട്ടവരും ഹിംസ് നിവാസികളുമാകുന്നു. ഞങ്ങൾ സന്ധി ചെയ്യാൻ ആഗ്രഹിക്കുന്നു.' ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'സന്ധിയെല്ലാം ഹിംസിലെത്തിയതിനു ശേഷമേ കഴിയൂ. ഇവിടെ സമയത്തിന് മുമ്പേ സന്ധി ചെയ്യാൻ സാധ്യമല്ല. എങ്കിലും നിങ്ങൾക്ക് അഭയം നൽകാം.' അങ്ങനെ അല്ലാഹുവിന്റെ തീരുമാനം വരികയും ചെയ്യുമ്പോൾ അവിടെ വെച്ച് സംസാരിക്കാം. പക്ഷേ, ഒരു കാര്യം ഞങ്ങളുടെ ഒരു യോദ്ധാവ് നിങ്ങളുടെ നേതാവിന്റെ മകനെ കൊല്ലുകയുണ്ടായല്ലോ? ആ യോദ്ധാവിനെ കുറിച്ച് നിങ്ങൾക്കെന്തെങ്കിലും അറിയുമോ?' അവർ പറഞ്ഞു: 'താങ്കൾ ചോദിക്കുന്നത്, നഗ്ന ശരീരമുള്ള ഒരാളെ കുറിച്ചാണോ? അയാൾ ഞങ്ങളുടെ വലിയ ഒരാളെ കൊല്ലുകയുണ്ടായി.' നേതാവിന്റെ മകനെ കൊന്നിരുന്നു. ഖാലിദ്(റ) പറഞ്ഞു: 'അതെ അദ്ദേഹത്തെ കുറിച്ചുതന്നെ.' അവർ പറഞ്ഞു: 'അദ്ദേഹത്തെ തടവുകാരനാക്കി വർദാനിന്റെ അടുത്തെത്തിച്ചപ്പോൾ വർദാൻ അദ്ദേഹത്തെ നൂറുപേരടങ്ങുന്ന ഒരു സംഘത്തോടൊപ്പം ഹിംസിൽ രാജാവിന്റെ അടുത്ത് പറഞ്ഞയച്ചു.'

ഇതു കേട്ടപ്പോൾ ഹദ്റത്ത് ഖാലിദ് സന്തോഷിക്കുകയും ഹദ്റത്ത് റാഫിഅ്നെ വിളിച്ച് ഇങ്ങനെ പറയുകയും ചെയ്തു: 'നിങ്ങൾക്ക് വഴികളെ കുറിച്ച് നല്ലപോലെ അറിയാമല്ലോ. നിങ്ങൾക്കിഷ്ടമുള്ള യുവാക്കളെയുംകൂട്ടി ഹിംസിൽ അവർ എത്തുന്നതിനുമുമ്പേ ഹദ്റത്ത് ളിറാറിനെ മോചിപ്പിക്കണം. മോചിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ പക്കൽ പ്രതിഫലത്തിന് അർഹനായിത്തീരുക.' ഹദ്റത്ത് റാഫിഅ്(റ) നൂറു യുവാക്കളെ തിരഞ്ഞെടുത്തു. അവർ പോകുന്നതേ ഉണ്ടായിരുന്നുള്ളു. ഹദ്റത്ത് ഖൗല വലിയ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് ഖാലിദിനോട് തനിക്കും അവിടെ പോകാൻ അനുവാദം നേടി. അങ്ങനെ അവർ എല്ലാവരും ഹദ്റത്ത് റാഫിഅ്ന്റെ നേതൃത്വത്തിൽ ഹദ്റത്ത് ളിറാറിനെ മോചിപ്പിക്കാൻ ഹിംസിലേക്ക് പുറപ്പെട്ടു. ഹദ്റത്ത് റാഫിഅ് വളരെ വേഗത്തിൽ നീങ്ങുന്നുണ്ടായിരുന്നു. അദ്ദേഹം ഒരു സ്ഥലത്തെത്തിയപ്പോൾ തന്റെ കൂടെയുള്ളവരോട് പറഞ്ഞു: 'ശത്രുക്കൾ മുന്നോട്ട് പോയിട്ടില്ല എന്ന കാര്യത്തിൽ നിങ്ങൾക്ക് സുവാർത്ത നല്കിക്കൊള്ളുന്നു. അദ്ദേഹം അവിടെ ഒരു സംഘത്തെ ഒളിച്ചിരുത്തുകയുണ്ടായി. അവർ അവിടെ അതെ അവസ്ഥയിൽ നിൽക്കുമ്പോൾതന്നെ പൊടിപടലങ്ങൾ ഉയരുന്നത് അവർ കണ്ടു. ഹദ്റത്ത് റാഫിഅ് മുസ്‌ലിമീങ്ങളോട് ജാഗരൂകരായി ഇരിക്കാൻ കൽപിച്ചു. മുസ്‌ലിമീങ്ങൾ തയ്യാറായി ഇരിക്കുകയായിരുന്നു. റോമക്കാർ എത്തി. ഹദ്റത്ത് ളിറാർ അവരുടെ പക്കൽ ബന്ദിയായിരുന്നു. അദ്ദേഹം വേദനയൂറുന്ന ശബ്ദത്തിൽ ഇങ്ങനെ ഈരടികൾ ചൊല്ലുന്നുണ്ടായിരുന്നു. 'സന്ദേശമെത്തിക്കുന്ന എന്റെ സമൂഹമേ! ഞാൻ തടവുകാരനാണെന്ന് ഖൗലയെ അറിയിച്ചാലും. ഞാൻ ചങ്ങലയിൽ ബന്ധനസ്ഥനാണ്. സിറിയയിലെ കാഫിരീങ്ങളും നിർമത വാദികളുമായ ആളുകൾ എനിക്ക് ചുറ്റിലും പടച്ചട്ടയണിഞ്ഞ ആളുകളാണ്. എന്റെ ഹൃദയമേ! നീ ദുഃഖവും അപമാനവും കാരണം മരിച്ച് പോയാലും. അല്ലയോ യുവത്വത്തിന്റെ കണ്ണുനീരേ! എന്റെ കവിളിലൂടെ ഒലിച്ച് ഇറങ്ങിയാലും.' അദ്ദേഹം ചൊല്ലിക്കൊണ്ടിരുന്ന കവിതയുടെ അർഥം ഇങ്ങനെയെല്ലാമായിരുന്നു. ഹദ്റത്ത് ഖൗല ഉറക്കെ വിളിച്ച് പറഞ്ഞു: 'നിന്റെ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ സഹായം വന്നെത്തിയിരിക്കുന്നു. ഞാൻ നിന്റെ സഹോദരി ഖൗലയാകുന്നു.' ഇത്രയും പറഞ്ഞുകൊണ്ട് അവർ ഉറക്കെ തക്ബീർ മുഴക്കിക്കൊണ്ട് ആക്രമണം നടത്തി. മറ്റു മുസ്‌ലിമീങ്ങളും തക്ബീർ ചൊല്ലിക്കൊണ്ട് ആക്രമിച്ചു.

മുസ്‌ലിമീങ്ങൾ ആ സംഘത്തെ തങ്ങളുടെ വരുതിയിലാക്കി. എല്ലാവരെയും കൊന്നൊടുക്കി. ഹദ്റത്ത് ളിറാറിനെ അല്ലാഹു മോചിപ്പിച്ചു. സമരാർജ്ജിത സ്വത്തുക്കൾ മുസ്‌ലിമീങ്ങൾക്ക് ലഭിക്കുകയും ചെയ്തു. ഹദ്റത്ത് ഖൗല തന്റെ കൈകൾകൊണ്ട് സഹോദരന്റെ കെട്ടുകൾ അഴിക്കുകയും സലാം പറയുകയും ചെയ്തു. ഹദ്റത്ത് ളിറാർ തന്റെ സഹോദരിയെ അഭിനന്ദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. ഒരു നീണ്ട കുന്തം കൈയിലേന്തി ഒരു കുതിരപ്പുറത്ത് യാത്രയായി. അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചു. ഇവിടെ ഈ സന്തോഷമുണ്ടാകുമ്പോൾ മറുഭാഗത്ത് ഡമസ്കസിൽ ഹദ്റത്ത് ഖാലിദ് ശക്തമായി പൊരുതിക്കൊണ്ട് വർദാനിനെ തീർത്തും പരാജയപ്പെടുത്തി. അവർ നാലുപാടും ചിതറിയോടി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നു. അവിടെ ഹദ്റത്ത് ളിറാറും മറ്റു മുസ്‌ലിമീങ്ങളും കണ്ടു മുട്ടുകയുണ്ടായി. വിജയ വാർത്ത ഹദ്റത്ത് അബൂഉബയ്ദയെ അറിയിച്ചു. ഇനി ഡമസ്കസും പിടിച്ചടക്കുന്നതാണെന്ന് മുസ്‌ലിമീങ്ങൾക്ക് ഉറപ്പായി. *(ഫുതൂഹാത്തെ ശാം, ഫള്ൽ മുഹമ്മദു യൂസുഫ് സഊ, പേജ് 75-81, മക് തബ ഈമാൻ വ യഖീൻ)*

മറുഭാഗത്ത് ഇസ്‌ലാമിക സൈന്യം ഡമസ്കസിൽ തമ്പടിച്ചിരിക്കുകയായിരുന്നു. കോട്ട ഉപരോധം തുടർന്നു. ഹദ്റത്ത് അബ്ബാദ് ബിൻ സയീദ്, ഹദ്റത്ത് ഖാലിദിന്റെ അടുക്കലെത്തുകയും റോമക്കാർ തൊണ്ണൂറായിരം സൈന്യവുമായി അജ്നാദയ്നിൽ സംഘടിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ്, ഹദ്റത്ത് അബൂഉബയ്ദയുമായി കൂടിയാലോചന നടത്തി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'നമ്മുടെ സൈന്യം സിറിയയുടെ വ്യത്യസ്ത പ്രദേശങ്ങളിൽ ചിതറി കിടക്കുകയാണ്. അതുകൊണ്ട് അവർക്ക് കത്തെഴുതി എല്ലാവരോടും അജനാദയ്നിൽ വന്നു നമ്മുടെ അടുത്തു വരാൻ ആവശ്യപ്പെടണം. നമുക്കും ഡമസ്കസിന്റെ കോട്ടയുടെ ഉപരോധം അവസാനിപ്പിച്ച് അജ്നാദയ്നിലേക്ക് നീങ്ങാം. *(മർദാനെ അറബ്, ഭാഗം 1, അബ്ദുസ്സത്താർ ഹമദാനീ, പേജ് 214, അക്ബർ ബുക് സെല്ലേർസ് ലാഹോർ)*

ഹിർഖലിന്, വർദാൻ പരാജയപ്പെട്ട വിവരം ലഭിച്ചിരുന്നു. മാത്രമല്ല അയാളുടെ മകൻ കൊല്ലപ്പെട്ടതിനെ കുറിച്ചും വിശദമായി അറിഞ്ഞിരുന്നു. അതുകൊണ്ട് ഹിർഖൽ അയാളെ നല്ലപോലെ ശകാരിച്ചുകൊണ്ട് ഇങ്ങനെ എഴുതി: 'നിന്നെ അന്നത്തിനും വസ്ത്രത്തിനും വകയില്ലാത്ത അറബികൾ പരാജയപ്പെടുത്തിയെന്നും നിന്റെ മകനെ വധിച്ചുവെന്നും എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നു. മിശിഹാ അവനുമേലും

നിനക്കുമേലും കരുണ ചൊരിഞ്ഞില്ല. നിന്റെ ധൈര്യത്തേയും വാൾപയറ്റിനേയും കുറിച്ച് ചർച്ച ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിന്നെ കൊല്ലുമായിരുന്നു. ഏതായാലും കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഞാൻ അജ്നാദയ്നിലേക്ക് തൊണ്ണൂറായിരം പേരടങ്ങുന്ന സൈന്യത്തെ അയക്കുന്നു. അതിന്റെ സൈന്യാധിപനായി ഞാൻ നിന്നെ നിയമിക്കുന്നു. *(ഫുതൂഹാത്തെ ശാം, ഫള്ൽ മുഹമ്മദു യൂസുഫ് സഈ, പേജ് 81, മക്തബ ഈമാൻ വ യഖീൻ)*

ഹദ്റത്ത് ഖാലിദ് ഡമസ്കസിന്റെ ഉപരോധം അവസാനിപ്പിച്ച് സൈന്യത്തോട് അജ്നാ ദയ്നിലേക്ക് പോകാൻ കൽപിച്ചു. കൽപന കിട്ടിയ ഉടൻതന്നെ മുസ്‌ലിമീങ്ങൾ തമ്പുകൾ പിഴുതെടുത്ത് ബാക്കി സമ്പത്തും സാമഗ്രികളും ഒട്ടകപ്പുറത്ത് കയറ്റാൻ തുടങ്ങി. സമ്പത്തും സാമഗ്രികളുമുള്ള ഒട്ടകങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും ഒപ്പം സൈന്യത്തിന്റെ പിന്നിലാണ് വെച്ചത്. മറ്റുള്ളവരെ സൈന്യത്തിന്റെ മുന്നിൽ അയച്ചു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) പറഞ്ഞു: 'എന്റെ അഭിപ്രായത്തിൽ ഞാൻ സ്ത്രീകൾക്കും കുട്ടികൾക്കുമൊപ്പം സൈന്യത്തിന്റെ പിന്നിൽ നിൽക്കുന്നതാണ് നല്ലത്.' ഹദ്റത്ത് അബൂഉബയ്ദയോട് പറഞ്ഞു: 'താങ്കൾ സൈന്യത്തിന്റെ മുന്നിൽ പോയാലും.' ഹദ്റത്ത് അബൂഉബയ്ദ(റ) പറഞ്ഞു: 'ഒരു പക്ഷേ, വർദാൻ തന്റെ സൈന്യത്തോടൊപ്പം ഡമസ്കസിലേക്ക് പോകും. അയാളെ നേരിടേണ്ടിയും വരും. താങ്കൾ സൈന്യത്തിന്റെ മുന്നിൽ നിൽക്കുകയാണെങ്കിൽ അവരെ തടയാനും നേരിടാനും കഴിയുന്നതാണ്. അതുകൊണ്ട് താങ്കൾ മുന്നിൽ പോകുക, ഞാൻ പിന്നിൽ നിൽക്കാം.' ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'താങ്കളുടെ അഭിപ്രായം ശരിയാണ്. ഞാൻ താങ്കളുടെ അഭിപ്രായത്തിനും പദ്ധതിക്കുമെതിരിൽ പ്രവർത്തിക്കുന്നതല്ല.' മുസ്‌ലിം സൈന്യം ഡമസക്സിന്റെ ഉപരോധം ഉപേക്ഷിച്ച് പോകുന്നതു കണ്ടപ്പോൾ ഡമസ്കസുകാർ സന്തോഷംകൊണ്ട് തുള്ളിച്ചാടാനും കൈയടിച്ച് സന്തോഷം പ്രകടിപ്പിക്കാനും തുടങ്ങി. ഇസ്‌ലാമിക സൈന്യം പുറപ്പെട്ടതിനെ കുറിച്ച് ഡമസ്കസുകാർ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു തുടങ്ങി. ചിലർ പറഞ്ഞു: 'അജ്നാദയ്നിൽ നമ്മുടെ വലിയ സൈന്യം തമ്പടിക്കുന്നു എന്ന വാർത്ത കേട്ടപ്പോൾ മുസ്‌ലിമീങ്ങൾ സിറിയയിൽ തങ്ങളുടെ സൈന്യത്തിനടുത്തേക്ക് പോയതാണ്.' മറ്റു ചിലർ പറഞ്ഞു: 'ഉപരോധം ചെയ്തുകൊണ്ട് അസ്വസ്ഥരായ കാരണത്താൽ മറ്റേതെങ്കിലും സ്ഥലത്ത് യുദ്ധം ചെയ്യാൻ പോയതായിരിക്കും.' വേറെ ചിലർ പറഞ്ഞു: 'അവർ ഹിജാസിലേക്ക് തിരിച്ചോടി പോയിരിക്കുകയാണ്.' *(മർദാനെ അറബ് ഭാഗം 1, അബ്ദുസ്സത്താർ ഹമദാനീ, പേജ് 216-217, അക്ബർ ബുക് സെല്ലേർസ് ലാഹോർ)*

ഡമസ്കസുകാർ ബൂലിസ് എന്നുപേരുള്ള ഒരാളുടെ അടുക്കലാണ് ഒരുമിച്ച് കൂടിയിരുന്നത്. അയാൾക്ക് അതിനുമുമ്പേ ഒരു യുദ്ധത്തിനും സ്വഹാബാക്കളുടെ മുന്നിൽ പെടേണ്ടി വന്നിട്ടില്ല. ഇയാൾ ഹിർഖലിന്റെ ഏറെ വിശ്വസ്തനും നല്ല അമ്പെയ്ത്തുകാരനുമായിരുന്നു. ഡമസ്കസുകാർ അയാളെ അമീറാക്കി. എല്ലാ നിലയ്ക്കും പ്രലോഭിപ്പിച്ചുകൊണ്ട് യുദ്ധത്തിന് പ്രേരിപ്പിച്ചു. എത്രത്തോളമെന്നാൽ അവർ യുദ്ധ മൈതാനത്തുനിന്ന് ഓടിപ്പോകുന്നതല്ലെന്ന് ശപഥം ചെയ്യുകയും ആരെങ്കിലും യുദ്ധ മുഖത്ത് അയാളെ ഒറ്റക്കാക്കി പോകുകയാണെകിൽ തന്റെ കൈകൊണ്ടുതന്നെ അയാളെ വധിക്കാമെന്നുമുള്ള അധികാരവും കൊടുത്തു. ഈ ശപഥവും ഉടമ്പടിയും പൂർത്തിയായപ്പോൾ ബൂലിസ് വീട്ടിൽ വന്നു പടച്ചട്ട അണിയുകയായിരുന്നു. അപ്പോൾ എങ്ങോട്ടാണ് പോകുന്നതെന്ന് അയാളുടെ ഭാര്യ ചോദിച്ചു. ബൂലിസ് പറഞ്ഞു: 'ഡമസ്കസുകാർ എന്നെ നേതാവാക്കിയിരിക്കുന്നു. ഞാൻ അറബികളുമായി യുദ്ധം ചെയ്യാൻ പോകുകയാണ്.' അപ്പോൾ അതൊന്നും വേണ്ടെന്നും, വീട്ടിൽത്തന്നെ ഇരുന്നാൽമതിയെന്നും, അറബികളുമായി പൊരുതാൻ നിങ്ങൾക്ക് ശേഷിയില്ലെന്നും, അവരോട് അനാവശ്യമായി യുദ്ധത്തിന് പോകേണ്ടെന്നും ഭാര്യ പറഞ്ഞു. അവർ പറഞ്ഞു: 'ഞാൻ ഇന്നൊരു സ്വപ്നം കണ്ടിരുന്നു. നിങ്ങളുടെ കൈയിൽ വില്ലുണ്ട്. നിങ്ങൾ ശൂന്യാകാശത്ത് പക്ഷികളെ വേട്ടയാടുന്നു. ചില പക്ഷികൾ പരിക്കേറ്റ് വീഴുന്നുവെങ്കിലും വീണ്ടും അവ പറന്നുയരുന്നു. ഞാൻ അത്ഭുതപെടുകയായിരുന്നു. അതിന്നിടയിൽ സ്വപ്നത്തിൽ തന്നെ കാണുന്നു. പെട്ടെന്ന് ഒരു കഴുകൻ വരുന്നു. ഒന്നല്ല അനേകം കഴുകന്മാർ. അവ നിങ്ങൾക്കും നിങ്ങളുടെ സുഹൃത്തുക്കൾക്കുമ്മേൽ ഒന്നിച്ചിറങ്ങുകയും നിങ്ങളെ നാമാവശേഷമാക്കുകയും ചെയ്യുന്നു.' ബൂലിസ് ചോദിച്ചു: 'നീ എന്നെയും ഈ സ്വപ്നത്തിൽ കണ്ടിരുന്നോ?' അവൾ പറഞ്ഞു: 'അതെ!കണ്ടിരുന്നു. കഴുകൻ ശക്തിയായി നിങ്ങളെ കൊത്തുന്നു. നിങ്ങൾ മോഹാല്യാസപ്പെട്ട വീഴുകയും ചെയ്യുന്നു.' ബൂലിസ് ഇതൊക്കെ കേട്ടപ്പോൾ ഭാര്യയുടെ മുഖത്ത് അടിച്ചു. എന്നിട്ട് പറഞ്ഞു: 'നിന്റെ മനസ്സിൽ അറബികളോടുള്ള ഭയം കുടികൊള്ളുന്നു. സ്വപ്നത്തിൽപോലും നിനക്ക് അവരെപേടിയാണുള്ളത്. പേടിക്കാനൊന്നുമില്ല. ഞാൻ അവരുടെ നേതാവിനെ നിന്റെ സേവകനും അയാളുടെ കൂട്ടുകാരെ, ആടുകളെയും പന്നികളെയും മേയ്ക്കുന്നവരുമാക്കുന്നതാണ്.'

ബൂലിസ് വളരെ ശീഘ്രഗതിയിൽ ആറായിരം സവാരികളെയും പതിനായിരം കാലാൾപ്പടയേയുംകൊണ്ട് മുസ്‌ലിമീങ്ങളെ നേരിടാൻ പുറപ്പെട്ടു. മുസ്‌ലിം സൈന്യത്തിന്റെ സ്ത്രീകളെയും കുട്ടികളെയും സമ്പത്തിനെയും മൃഗങ്ങളെയും അബൂഉബയ്ദയുടെ ഒരായിരം വരുന്ന സൈന്യത്തെയും അയാൾ പിന്തുടർന്നു. മുസ്‌ലിമീങ്ങളും പോരാടാൻ തയ്യാറായി. പെട്ടെന്നു തന്നെ ശത്രുക്കൾ എത്തിപ്പെട്ടു. ബൂലിസ് ഏറ്റവും മുന്നിലായിരുന്നു. അയാൾ പൊടുന്നനെ ആറായിരം പേരടങ്ങുന്ന സൈന്യവുമായി അബൂഉബയ്ദയെ ആക്രമിച്ചു. ബൂലിസിന്റെ സഹോദരൻ ബുത്‌റസ് കാലാൾപ്പടയുമായി സ്ത്രീകൾക്കുനേരെ തിരിഞ്ഞു. കുറച്ച് സ്ത്രീകളെ ബന്ദികളാക്കി ഡമസ്കസിലേക്ക് തിരിച്ചു. ഒരു സ്ഥലത്തെത്തിയപ്പോൾ തന്റെ സഹോദരനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്യാനിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ) ഈ പെട്ടെന്നുള്ള അസ്വസ്ഥത കണ്ടപ്പോൾ പറഞ്ഞു: 'താൻ പിന്നിൽ നിൽക്കാമെന്ന ഖാലിദിന്റെ അഭിപ്രായം ശരിയായിരുന്നു. ഒരു ഭാഗത്ത് സ്ത്രീകളും കുട്ടികളും അലമുറയിടുന്നു. മറുഭാഗത്ത് ആയിരം മുസ്‌ലിം പടയാളികൾ ശക്തമായി പോരാടുന്നു. ബൂലിസ് കൂടെക്കൂടെ ഹദ്റത്ത് അബൂഉബയ്ദ(റ)യെ ആക്രമിച്ച് കൊണ്ടിരുന്നു. അദ്ദേഹവും ശക്തമായി യുദ്ധം ചെയ്തു. ഹദ്റത്ത് സഹ്ൽ(റ) ദ്രുതഗതിയിൽ പായുന്ന ഒരു കുതിരപ്പുറത്തേറി ഹദ്റത്ത് ഖാലിദിന്റെ അടുത്തെത്തി, എല്ലാ കാര്യങ്ങളും കേൾപ്പിച്ചു. ഹദ്റത്ത് ഖാലിദ്(റ) *ഇന്നാ ലില്ലാഹ്* എന്ന് പറഞ്ഞു. അദ്ദേഹം ഹദ്റത്ത് റാഫിഅ്നെയും അബ്ദുർറഹ്മാൻ ബിൻ ഔഫിനെയും ആയിരം വീതം സൈന്യങ്ങളുമായി കുട്ടികളെയും സ്ത്രീകളെയും സംരക്ഷിക്കാൻ പറഞ്ഞയച്ചു. അതിനുശേഷം ഹദ്റത്ത് ളിറാറിനെ ആയിരം പടയാളികളുമായി വിടുകയും സ്വയം ഒരു സൈന്യവുമായി ശത്രുക്കളിലേക്ക് തിരിക്കുകയും ചെയ്തു. അവിടെ ഹദ്റത്ത് അബൂഉബയ്ദ(റ) ബൂലിസുമായി യുദ്ധത്തിൽ വ്യാപൃതനായിരുന്നു. അപ്പോഴേക്കും വ്യത്യസ്ത സ്ഥലങ്ങളിൽനിന്ന് വന്നുകൊണ്ടിരുന്ന സൈന്യങ്ങൾ അവിടെയെത്തി. അവർ ശക്തമായി ആക്രമിച്ചു. എത്രത്തോളമെന്നാൽ, ഡമസ്കസിൽനിന്നുവന്ന് യുദ്ധം ചെയ്യുന്ന റോമക്കാർക്ക് തങ്ങളുടെ ദയനീയ പരാജയം ഉറപ്പായി. ഹദ്റത്ത്

ശേഷം പേജ് 8 ൽ


**• അല്ലാഹുവിന്റെ കലാം: •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"** *(വിശുദ്ധ ഖുർആൻ 54:18)*

**താലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**• അല്ലാഹുവിന്റെ കലാം: •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക): എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."** *(വിശുദ്ധ ഖുർആൻ 14:36)*

**താലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# ഹദ്‌റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം (2015 മെയ്, ജൂൺ)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(കഴിഞ്ഞ ലക്കം പേജ് 8 കോളം 3 ൽനിന്ന് തുടർച്ച)

ഇന്നത്തെ പരിപാടിയിൽ 210 അതിഥികൾ പങ്കെടുത്തു. ഇതിൽ സംസ്ഥാന അസംബ്ലി അംഗം സ്കൾതെയിസ് കാൾ (SCHULTHEIS KARL), ആഖൻ ലോഡ് മേയർ മാർസൽ ഫിലിപ്പ് (MARCEL PHILIPP), സംസ്ഥാന പാർലമെന്റ് അംഗം ജാൻസെൻ ഡാനിയേല (JANSEN DANIELA-), സിറ്റി പാർലമെന്റ് അംഗം കുക്കൽകോൺ മാൻഫ്രേ(KUCKELKORN MANFREI) സിറ്റി പാർലമെന്റംഗം ജാൺസൺ ബിജോൺ(JANSEN BJORN-), സിറ്റി പാർലമെന്റംഗം ഡൊപാട്ക്ക മത്തിയാസ്(DOPATKA MATHIAS-), വുർസലെൻ( WURSE LEN) പട്ടണത്തിന്റെ മേയര് കെല്ലർ ആർണോ (KELLER RNO) എന്നിവർ പങ്കെടുത്തു. വിവിധ സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥർ, വക്കീലുമാർ, ഡോക്ടർമാർ, എഞ്ചിനീർമാർ, അധ്യാപകർ ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധമുള്ളവരെല്ലാം ഇതിൽ പങ്കെടുത്തു.

പരിപാടികൾക്കൊടുവിൽ ചില അതിഥികൾ ഹുദൂർ അൻവറിൽനിന്നു ഹസ്തദാനം സ്വീകരിച്ചു. ഹുദൂർ അവരുമായി സംസാരിച്ചു. ഹുദൂർ പന്തലിൽനിന്നു പുറത്തു വരുമ്പോൾ വീൽച്ചെയറിലിരുന്ന വൃദ്ധനായ ഒരു അഹ്മദി, ഹുദൂറിനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഹുദൂർ അദ്ദേഹത്തിന്റെ അടുക്കൽ അനുകമ്പയോടെ നിന്നു. ഹസ്തദാനം നല്കി. അദ്ദേഹത്തിന്റെ അവസ്ഥകൾ ചോദിച്ചറിഞ്ഞു. ഈ സൗഭാഗ്യവാനായ വ്യക്തി ചൗദ്രി ഇനായത്തുല്ലാഹ് സാഹിബായിരുന്നു. നൂറുവയസ്സുള്ള അദ്ദേഹം പാക്കിസ്താനിലെ സർഗോദ ജില്ലയിലെ ഭുൽവാൽ പ്രദേശക്കാരനാണ്.

ശേഷം കുറച്ചു നേരത്തേക്ക് ഹുദൂർ സ്ത്രീകളുടെ പന്തലിൽ പോയി. ഹുദൂറിനെ ദർശിക്കാൻ അവർക്ക് സാധിച്ചു. പെൺകുട്ടികൾ പ്രാർഥനാ ഗാനങ്ങൾ ആലപിച്ചു. ഹുദൂർ അവർക്ക് ചോക്ലേറ്റ് നല്കി. ശേഷം മസ്ജിദ് ഹാളിലേക്ക് വന്ന ഹുദൂറിനോടൊപ്പം ലോക്കൽ മജ്‌ലിസെ ആമിലയും ഇതര ജമാഅത്തീ ഭാരവാഹികളും ഫോട്ടോ എടുത്ത് സായൂജ്യരായി. കുട്ടികൾ ഇതിനിടയിൽ മസ്ജിദ് വളപ്പിൽ വരിവരിയായി നിരന്നു കഴിഞ്ഞിരുന്നു. ഹുദൂർ അവർക്കെല്ലാം വാത്സല്യപൂർവം ചോക്ലേറ്റ് നല്കി. കുറച്ച് സമയം ഹുദൂർ മസ്ജിദ് വളപ്പിൽ ജമാഅത്ത് സഹോദരങ്ങളോടൊപ്പം കഴിച്ചുകൂട്ടി. ചില അതിഥികൾക്ക് ഹുദൂറിനെ കാണാനും ഹസ്തദാനം സ്വീകരിക്കാനും സാധിച്ചു.

ഇന്നത്തെ ഈ പരിപാടിയിൽ പങ്കെടുത്ത ധാരാളം അതിഥികൾ അവരുടെ പ്രതികരണങ്ങൾ നല്കി. ഹുദൂറിന്റെ പ്രഭാഷണം അവരിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. അതിഥികൾക്ക് ഇത് പ്രകടിപ്പിക്കാതിരിക്കാൻ സാധിക്കുമായിരുന്നില്ല.

മസ്ജിദിന്റെ മുമ്പിൽ സ്ഥിതി ചെയ്യുന്ന കിന്റർ ഗാർഡൺ സ്കൂൾ ടീച്ചർ ആനറ്റ് ബോലെയും(ANETT BOLLE) ഈ പരിപാടിയിൽ പങ്കെടുത്തു. അവർ പറയുന്നു:

'ഇന്നെന്നെ ഏറ്റവും സ്വാധീനിച്ചത് ഹുദൂർ അൻവറിന്റെ അസ്തിത്വമാണ്. ഹുദൂറിന്റെ കണ്ണുകളിൽ നിന്നു സ്നേഹം നിർഗളിക്കുന്നു. ഹുദൂറിന്റെ വാക്കുകളിൽ ഹൃദയത്തിന് ശാന്തി കൈവരുന്നു. ഖലീഫത്തുൽമസീഹ് ഇന്ന് വളരെ നല്ല പ്രസംഗമാണ് കാഴ്ചവെച്ചത്. ഇതിലും ആദരയുക്തമായ ഒരു ഭയം നിലനിറുത്തുന്ന ഒരു ചക്രവർത്തിയുടെ കാഴ്ചയായിരുന്നു. ഖലീഫയുടെ എല്ലാ വാക്കുകളും നമ്മുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി. ഇതു കാരണത്താൽ എല്ലാവരുടേയും മനസ്സിൽ അദ്ദേഹത്തോടുള്ള ആദരവ് സ്ഥാപിതമായി. ഖലീഫത്തുൽമസീഹ് മനുഷ്യ കുലത്തിന് ലഭിച്ച സവിശേഷ ഉപഹാരമാണെന്ന് എനിക്ക് പറയേണ്ടി വരുന്നു. എന്റെ ജീവിതത്തിൽ ഒരിക്കലും ഖലീഫത്തുൽമസീഹ് ഇന്ന് ചെയ്തതിന്റെ അത്രയും സ്വാധീനം ചെലുത്താൻ മറ്റൊരാൾക്കും സാധിച്ചിട്ടില്ല

ഈ ടീച്ചറിന്റെ ഭർത്താവ് ഫ്രിറ്റ്സ് ബോല്ലെ(FRITZ BOLLE)യും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ അനുഗ്യഹീത വ്യക്തിത്വത്തിൽനിന്ന് ലോകത്ത് പരക്കുന്ന സമാധാനം വിസ്മയിപ്പിക്കുന്നതാണ്. ഇന്ന് ലോകത്തിന് ആവശ്യമുള്ളത് ഇതേ സമാധാനമാണെന്ന വിചാരം എനിക്കുണ്ട്.

ഒരു വനിത സൈക്കോളജിസ്റ്റ് അലക്സാൺഡ്രെ സാഹിബ പറയുന്നു:ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം എന്നെ വളരെ സ്വാധീനിച്ചു. അദ്ദേഹം ഇന്നു നല്കിയ സ്നേഹംചാലിക്കുന്ന സന്ദേശം സവിശേഷമായ നിലയിലാണ് എന്നെ ആകർഷിച്ചത്. പൂ വില്പനക്കാരന്റെ ഉദാഹരണം സമർപ്പിച്ചുകൊണ്ട് ഇസ്‌ലാമികാധ്യാപനത്തേയും ഉന്നത സൽസ്വഭാവത്തേയും പൂക്കളോടാണ് ഉപമിച്ചത്. ഇതും എന്നെ വളരെ സ്വാധീനിച്ച കാര്യമാണ്. ഇനി എന്നും നിലനില്ക്കുന്ന സുഗന്ധം പരത്തുന്ന പുഷ്പം എന്നും നമ്മോടൊപ്പം ഉണ്ടാകും.

ആഖനിൽ(AACHEN)താമസിക്കുന്ന ബോംഗർ ആഛചഏജ്ഞ സാഹിബ് പറയുന്നു:രണ്ടോ മൂന്നോ വർഷം മുമ്പേ ഞാൻ യൂറോപ്യൻ പാർലമെന്റിൽ ഖലീഫത്തുൽ മസീഹ് നല്കിയ പ്രഭാഷണം ശ്രവിച്ചിരുന്നു. കാണാനും വിലയിരുത്താനും വേണ്ടിയാണ് ഞാനിവിടെ വന്നത്. നിങ്ങളുടെ ഖലീഫ കേവലം വലിയവലിയ വ്യക്തിത്വങ്ങളുടെ മുമ്പിലും പ്രധാന പ്ലാറ്റുഫോറത്തിലും മാത്രമാണോ സമാധാനത്തെ കുറിച്ചുള്ള അധ്യാപനം പ്രകടമാക്കുന്നത്. അതോ സ്വാധീന ശക്തി കുറഞ്ഞ മറ്റുവേദികളിലും ചെറിയ പരിപാടികളിലും ഇത് സമർപ്പിക്കുന്നുണ്ടോ എന്ന് നോക്കാനാണ്. ഇന്ന് ഞാൻ ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചു. യൂറോപ്യൻ പാർലമെന്റിൽ സമർപ്പിച്ച അതേ അധ്യാപനമാണ് ഖലീഫ ഇവിടേയും സമർപ്പിച്ചത്. പരസ്പരം സ്നേഹിക്കാനും സഹവർത്തിത്വത്തോടെയും സംയമനത്തോടെയും പെരുമാറാനും വിശാലമനസ്കത കാണിക്കാനും പരസ്പരം നന്മകൾ പുലർത്താനും അദ്ദേഹം ഊന്നൽ നല്കി. ഇക്കാര്യങ്ങളെല്ലാം എന്നെ വളരെ സ്വാധീനിച്ചു.

സംസ്ഥാന പാർലമെന്റംഗം കാൾ സ്കൾതെയിസ് (KARL SCHULTHEIS) പറയുന്നു: ഇന്നത്തെ പരിപാടിയുടെ സംവിധാനങ്ങളെല്ലാം വളരെ മികച്ചതായിരുന്നു. നിങ്ങളുടെ ഖലീഫ ഒരു യഥാർഥ മാതൃകയാണ്. യഥാർഥ രൂപത്തിലുള്ള സമാധാന ദൂതനാണ്.

സംസ്ഥാന പാർലമെന്റംഗം ഡാനിയേല ജാൻസെൻ (DANIELA JANSEN) സാഹിബ പറയുന്നു: ഖലീഫത്തുൽ മസീഹിന്റെ സന്ദേശം കൂടുതൽ പേരിലേക്ക് എത്തിക്കപ്പെടേണ്ടതുണ്ട്. ഇന്ന് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം നമുക്ക് മനസ്സിലാക്കി തന്നു.

മസ്ജിദിന്റെ വളപ്പിനോട് ചേർന്നുള്ള ഹാളിന്റെ ഉടമ മിസ്റ്റർ ഷനെയിഡർ(Mr. SCHNEIDER) കുടുംബത്തോടൊപ്പം ഈ പരിപാടിയിൽ പങ്കെടുത്തു. ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചതിനു ശേഷം അദ്ദേഹം പറയുന്നു:ഖലീഫത്തുൽ മസീഹ് പറഞ്ഞ ഓരോ കാര്യവും വളരെ സ്വാധീനം സ്യഷ്ടിക്കുന്നതായിരുന്നു. ഞങ്ങൾ വളരെ ശ്രദ്ധയോടെ ഖലീഫയുടെ പ്രഭാഷണം ശ്രവിച്ചു. ഈ പ്രഭാഷണം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ഖലീഫത്തുൽമസീഹിന്റെ വാക്കുകൾ ഇനിയും പല മണിക്കൂറുകൾ ശ്രവിക്കാൻ സാധിക്കും. എന്നല്ല, കേൾക്കാൻ ആഗ്രഹിക്കുന്നു.

ഒരു ജർമൻകാരൻ പറയുന്നു: ഖലീഫത്തുൽ മസീഹ് പറഞ്ഞ കാര്യങ്ങൾ അനുസരിച്ച് കേവലം അഹ്മദീ മുസ്‌ലിമീങ്ങൾ മാത്രമല്ല, ലോകത്തിലെ സർവ്വ പൗരന്മാരും പ്രവർത്തിക്കാൻ തുടങ്ങിയാൽ ലോകത്ത് ശക്തിമത്തായ ശാന്തി കൈവരും. ഈ അധ്യാപനം സ്വീകരിക്കാൻ ക്രിസ്ത്യാനിയോ മുസ്‌ലിമോ ആകേണ്ടത് നിർബന്ധമല്ല, മറിച്ച്, ഓരോ ബുദ്ധിമാനായ വ്യക്തിയും ഈ അധ്യാപനം സ്വീകരിക്കാൻ നിർബന്ധിതനാണ്.

യുക്രെയിനിൽനിന്നു വന്ന ഒരു കുടുംബം പറയുന്നു: ഒരു മത നേതാവ് എന്ന നിലയിൽ ഖലീഫത്തുൽമസീഹ് വളരെ കഠിനമായനിലയിൽ ആത്മീയവും തത്വശാസ്ത്രപരവുമായ ഭാഷ, ഉപയോഗിക്കുമെന്നാണ് ഞങ്ങൾക്ക് തോന്നിയിരുന്നത്. എന്നാൽ, ഞങ്ങൾ വിസ്മയത്തിലാണ്. ഖലീഫത്തുൽമസീഹ് ഒരു തരത്തിലുമുള്ള കഠിനമായ പദങ്ങളും ഉപയോഗിച്ചില്ലെന്നു മാത്രമല്ല, വളരെ സരളമായ ഭാഷയിൽ പ്രവർത്തനപരമായ കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചു. ലോകത്ത് നിലവിലുള്ള കാര്യങ്ങളോ ഉദാഹരണങ്ങളോ തത്വശാസ്ത്രപരമായ കാര്യങ്ങളോ തന്റെ പ്രഭാഷണത്തിൽ അദ്ദേഹം വെച്ചിട്ടില്ല.

യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർ ആന്റണി

റൈറ്റസ്(Anthony Rights) സാഹിബ് പറയുന്നു:

ഏതു തരത്തിലും രീതിയിലും സംസാരിക്കണമെന്ന് അറിയാവുന്ന വ്യക്തിത്വമാണ് ഖലീഫത്തുൽ മസീഹ് എന്ന് മനസ്സിലാകുന്നു. സന്ദർഭാനുസരണം അദ്ദേഹം സംസാരിക്കുന്നു. ഇക്കാര്യം എനിക്ക് വളരെ നന്നായി തോന്നി. തയ്യാറെടുത്ത് എല്ലാവർക്കും പ്രസംഗിക്കാൻ സാധിക്കും.. എന്നാൽ, ഇത്രയധികം വിശാലമായ അറിവുള്ള വ്യക്തിക്ക് തികച്ചും സന്ദർഭാനുസരണം സംസാരിക്കാൻ സാധിക്കുക എന്നതും സന്നിഹിതരായവരുടെ വിവരത്തിന് അനുസരിച്ച് സംസാരിക്കാൻ സാധിക്കുക എന്നതും വളരെ വിരളമാണ്. ഖലീഫത്തുൽമസീഹ് ചെയ്തതു പോലെയുള്ള പ്രസംഗങ്ങളും പ്രഭാഷണങ്ങളും ഉണ്ടാകേണ്ടതാണ്. നിങ്ങളുടെ മസ്ജിദ് ഇവിടെ മാത്രമല്ല, ഇതര സ്ഥലങ്ങളിലും നിർമിതമാകേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാകുന്നു.

എസ് പീ ഡീ പാർട്ടിയംഗമായ മത്തിയാസ് ദൊപാട്ക്ക (MATHIAS DOPATKA) സാഹിബ് പറയുന്നു: പുഷ്പങ്ങളോട് ഉദാഹരിച്ചുകൊണ്ട് അതിന്റെ പൂക്കടയെ ഖലീഫത്തുൽമസീഹ് ഉപമിച്ചത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മനുഷ്യൻ പൂവ് മണത്തുകൊണ്ട് സന്തോഷം അനുഭവിക്കുന്നതു പോലെ അഹ്മദിയ്യാ ജമാഅത്ത് സമാധാനത്തിന്റെ അധ്യാപനം പരത്തിക്കൊണ്ട് ഒരു അനന്തമായ സുഗന്ധവും സന്തോഷവും ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു. ഈ ഉദാഹരണം മുമ്പേ തയ്യാറാക്കിയ പ്രസംഗത്തിൽ ഇല്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. എങ്കിലും ഖലീഫത്തുൽമസീഹ് സമർപ്പിച്ച രീതി വളരെ നല്ലതായി തോന്നി.

ഈ മസ്ജിദ് നിലനില്ക്കുന്ന പ്രദേശത്തിന്റെ പോലീസ് ഇൻചാർജ് വാൾട്ടർ ഫ്രാൻസെൻ (WALTER FRAZEN)സാഹിബ് പറയുന്നു: ഖലീഫ അതിഥികളായ നമ്മളെമാത്രമല്ല മറിച്ച് അവിടെ സന്നിഹിതരായ എല്ലാ അഹ്മദീ സ്ത്രീ പുരുഷന്മാരേയും അഭിമുഖീകരിച്ചു സംസാരിച്ചു എന്നത് എനിക്ക് വളരെ നല്ലതായി തോന്നി. സമാധാന സ്ഥാപനവും പരസ്പരം സ്നേഹാദരവോടെ കഴിയലും പെരുമാറലും എല്ലാവരുടേയും നിർബന്ധ കടമയാണെന്ന് ഖലീഫ ഊന്നി സംസാരിച്ചു. ഉന്നതനായ ദൈവം എല്ലാവരേയും സ്നേഹിക്കുന്നു എന്ന് ഖലീഫ പറഞ്ഞു. ഓരോ വ്യക്തിക്കും ആ സ്നേഹം പ്രാപിക്കാൻ സാധിക്കും. അവനെ ദൈവമെന്നോ അല്ലാഹു എന്നോ പരിപാലകൻ എന്നോ വിളിക്കാവുന്നതാണ്. ഇതു കാരണത്താൽ നമ്മൾ പരസ്പരം സ്നേഹത്തോടെ പെരുമാറണം. ഖലീഫ പറഞ്ഞ ഇക്കാര്യം വളരെ നല്ലതായി തോന്നി. മനുഷ്യൻ കാപട്യത്തിൽ നിന്നു രക്ഷപെടേണ്ടതാണ്. അതായത്, മനുഷ്യൻ നിസ്സംശയം മസ്ജിദിൽ പോകണം. നല്ലവനായി തീരണം. എന്നാൽ, ഹൃദയത്തിൽ വിശ്വാസം ഇല്ലെങ്കിൽ അതുകൊണ്ട് പ്രയോജനം ഒന്നുമില്ല. ഖലീഫയുടെ ഇക്കാര്യങ്ങളെല്ലാം വളരെ സ്വാധീനം ഉളവാക്കുന്നതാണ്. എനിക്കിന്ന് ഖലീഫത്തുൽമസീഹിനെ കാണാൻ അവസരം ലഭിച്ചതിൽ അഭിമാനമുണ്ട്. കത്തോലിക്കരിൽ പോപ്പിന്റെ സ്ഥാനം എന്താണോ എന്റെ വിചാരത്തിൽ ഖലീഫയുടെ സ്ഥാനവും അതാണ്.

വുർസലെൻ(WURSE LEN) പട്ടണത്തിന്റെ മേയർ ആർണോ കെല്ലർ (ARNO KELLER)സാഹിബ് പറയുന്നു: ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം നമ്മളിൽ വളരെ സ്വാധീനം സൃഷ്ടിച്ചു. ഉന്നതനായ അല്ലാഹുവിനെ ആരാധിക്കുന്ന മനുഷ്യന്ന് അതിന്റെ ഫലം ലഭിക്കുന്നതും ലക്ഷ്യം പ്രാപിക്കുന്നതും ഒപ്പം മനുഷ്യരെ സഹായിക്കുമ്പോഴാണ്. മനുഷ്യരോടുള്ള കടമകൾ മുന്നിൽ വെക്കുമ്പോഴാണ്. എന്റെ അഭിപ്രായത്തിൽ സുപ്രധാനമായൊരു സന്ദേശമാണ് ഖലീഫ ഇന്ന് നല്കിയത്. ഈ വികാരവും സൽസ്വഭാവവും ഓരോ മനുഷ്യനും മനസ്സിലാക്കുകയാണെങ്കിൽ ഇന്നത്തെ ലോകത്ത് മാറ്റം വരുമെന്ന് ഞാൻ സത്യമായും പറയുന്നു.

ആഖൻ പട്ടണത്തിന്റെ Integation വിഭാഗത്തിന്റെ പ്രതിനിധി പറയുന്നു: ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണത്തെ സമ്പൂർണമായി ഞാൻ പിന്തുണയ്ക്കുന്നു. നമ്മൾ ക്ഷമയോടെ പ്രവർത്തിക്കണമെന്ന് സവിശേഷമായി അദ്ദേഹം സൂചിപ്പിച്ചു. Integation നടത്തുന്നതിന് ക്ഷമ അനിവാര്യമാണ്. പുഷ്പങ്ങളുടെ ഉദാഹരണം ഖലീഫ വിവരിച്ചതും വളരെ നല്ലതായി. ഇക്കാര്യം ധാരാളം അഹ്മദികളിൽ പൂർത്തിയാകുന്നുണ്ട്. പുഷ്പങ്ങളുടെ കട ന ടത്തുന്ന ത്വാരിഖ് തനിച്ചല്ല, ആഖനിൽ വളരെയധികം യുവാക്കളെ കിട്ടും. ജനുവരി 1-ന് ചെയ്യുന്ന ശുചീകരണപ്രവർത്തനം ഉദാഹരണമാണ്. കൂടാതെ വനവൽക്കരണത്തിനു വേണ്ടിയുള്ള പദ്ധതിയുമുണ്ട്.

ഒരു ആർക്കിടെക്ട് പറയുന്നു: എനിക്ക് ഇതിനു മുമ്പേ ജമാഅത്തിനെ കുറിച്ച് പരിചയമില്ലായിരുന്നു. ഹുദൂർ അൻവറിന്റെ പ്രഭാഷണം മനസ്സിൽ വല്ലാത്ത സ്വാധീനമാണ് ഉളവാക്കിയത്. ഹുദൂർ അൻവറിന്റെ സംസാരരീതി മൃദുലമായ സ്വരവും സ്തുത്യർഹവുമായിരുന്നു. മനസ്സിൽ പരസ്പരം വിദ്വേഷം വെച്ചുപുലർത്തുകയും എന്നിട്ട് മസ്ജിദുകളിൽപോയി ആരാധന നടത്തുകയും ചെയ്യുന്നതിൽ ഒരു പ്രയോജനവുമില്ലെന്ന ഖലീഫയുടെ വാക്കുകൾ എനിക്ക് വളരെ ഇഷ്ടമായി. അതിഥികളോടു എല്ലാ തരത്തിലുമുള്ള കടമകൾ നിർവഹിക്കണമെന്ന വിചാരം പുലർത്തലും കടമകൾ നിർവഹിക്കലും അനിവാര്യമാണെന്ന ഖലീഫയുടെ വാക്കുകളും വളരെ ഇഷ്ടമായി.

ഒരു പോലീസ് ഇൻസ്പെക്ടർ പറയുന്നു: വളരെ നല്ലൊരു പരിപാടിയായിരുന്നു. ഇത് എന്നും ഞാൻ നല്ലരൂപത്തിൽ ഓർക്കുന്നതായിരിക്കും. നിങ്ങളുടെ ഖലീഫ വിസ്മയം ജനിപ്പിക്കുന്ന സ്വാധീന ശക്തിയുള്ള വ്യക്തിത്വമാണ്.

ഒരു അതിഥി മിസ്റ്റർ അലക്സ് ഡ്രോസ്റ്റെ(MR. ALEX DROSTE) പറയുന്നു: പ്രിയപ്പെട്ട അഹ്മദിയ്യാ ജമാഅത്ത്, നിങ്ങൾ വളരെ പ്രിയപ്പെട്ട ഒരു ജമാഅത്താണ്. നിങ്ങളുടെ പരിപാടിയിൽ പങ്കെടുത്തതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. നിങ്ങളാരെന്നറിയാൻ ഞാൻ വളരെ രഹസ്യമായി അന്വേഷിച്ചിരുന്നു. നിങ്ങൾ നല്കിയ ആതിഥ്യം വളരെ മികച്ചതായിരുന്നു. ഖലീഫത്തുൽ മസീഹിന് ഹസ്തദാനം ചെയ്യാനും ഒടുവിൽ എനിക്ക് അവസരം ലഭിച്ചു. എനിക്ക് അഭിമാനം തോന്നിയ കാര്യമാണിത്. അപ്പോൾ എന്റെ കാലുകൾ വിറകൊള്ളുന്നുണ്ടായിരുന്നു. നമ്മൾ നല്ല അയൽക്കാരാകുമെന്ന് എനിക്ക് ശുഭ പ്രതീക്ഷയുണ്ട്. ദൈവവും അവന്റെ അനുഗ്രഹങ്ങളും നിങ്ങൾക്കൊപ്പം ഉണ്ടായിരിക്കുമാറാകട്ടെ.

രണ്ടു പോലീസുകാരും അവരുടെ അഭിപ്രായം പ്രകടിപ്പിച്ചു: ഹുദൂറിന്റെ പ്രഭാഷണം വളരെ മികച്ചതായിരുന്നു. എല്ലാ കാര്യങ്ങളും നേരിട്ട് മനസ്സിൽ ഇറങ്ങി ചെല്ലുന്നതായിരുന്നു. ഇതനുസരിച്ച് പ്രവർത്തിച്ചാൽ ലോകത്ത് സമാധാനം സ്ഥാപിതമാകും. എന്നാൽ, ഇതിനു വേണ്ടി ഓരോരുത്തരും ചലിക്കേണ്ടി വരും. ഓരോരുത്തരും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഒരു റിയൽ എസ്റ്റേറ്റ് ഏജന്റ് പറയുന്നു: ഖലീഫത്തുൽമസീഹ് തികച്ചും എന്റെ ഹൃദയത്തിലെ കാര്യങ്ങളാണ് വിവരിച്ചത്. ഹുദൂർ യൂറോപ്യൻ പാർലമെന്റിൽ നല്കിയ പ്രഭാഷണം ഞാൻ ശ്രവിച്ചിരുന്നു. ഇന്നത്തെ പ്രസംഗവും കേട്ടു. നിങ്ങളുടെ ജമാഅത്തിൽ ഖലീഫയുടെ വാക്കുകൾക്ക് പ്രവർത്തനപരമായ മാതൃക ലഭ്യമാണെന്ന് ഞാനും കാണുന്നു. ഖലീഫയുടെ വാക്കുകൾ ലോകം മുഴുവനും വ്യപിപ്പിക്കപ്പെടണം. ഓരോരുത്തരും ഇതനുസരിച്ച് പ്രവർത്തിച്ചാൽ ലോകത്ത് സമാധാനം സ്ഥാപിതമാകും.

ഓരോരുത്തരും അവരവരുടെ രീതിയിൽ സ്വന്തം ഹൃദയാവസ്ഥ വിവരിച്ചു. ഓരോരുത്തരും ഹുദൂറിന്റെ പ്രഭാഷണത്തിൽ ആകൃഷ്ടരായാണ് പോയത്.

ആഖനിലെ മസ്ജിദ് മൻസ്വൂറിന്റെ ഉദ്ഘാടന പരിപാടിക്കുശേഷം ഹുദൂറിന്റെ അടുത്ത യാത്ര ഫ്രാങ്ക്ഫർട്ടിലേക്കായിരുന്നു. 09.15-ന് ഹുദൂർ അവിടേക്ക് പുറപ്പെട്ടു. ആഖനിൽനിന്നു ഫ്രാങ്ക്ഫർട്ടിലേക്ക് 261 കിലോമീറ്റർ ദൂരമുണ്ട്. ഏകദേശം 02.15 മണിക്കൂർ യാത്രക്കുശേഷം 11.30-ന് ഹുദൂർ ജർമനിയുടെ ജമാഅത്ത് കേന്ദ്രമായ ഫ്രാങ്ക്ഫർട്ടിലെ ബയ്ത്തുസ്സബൂഹ് മസ്ജിദിൽ എത്തിച്ചേർന്നു.

ഹുദൂർ വാഹനത്തിൽനിന്നു പുറത്തു വന്നതും ഫ്രാങ്ക്ഫർട്ടിൽനിന്നും ജർമനിയുടെ വിവിധ പ്രദേശങ്ങളിൽനിന്നും വന്ന അഹ്മദീ സ്ത്രീകളും പുരുഷന്മാരും കുട്ടികളും ചേർന്ന് തങ്ങളുടെ പ്രിയങ്കരനായ ഇമാമിന് ആവേശോജ്ജ്വലമായ സ്വീകരണം നല്കി. ആൺകുട്ടികളും പെൺകുട്ടികളും ഒരേ നിറത്തിലുള്ള വസ്ത്രം അണിഞ്ഞ് വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രാർഥനാ ഗാനങ്ങളും സ്വാഗത ഗീതങ്ങളും ആലപിച്ചു. വിശ്വാസത്തിലും സ്നേഹത്തിലും ഉന്മത്തരായി നാനാഭാഗത്തു നിന്നും കൈകൾ വീശി കൊണ്ടിരുന്നു. ***അഹ്‌ലൻ വ്വ സഹ്‌ലൻ വ മർഹബാ*** എന്ന ശബ്ദങ്ങൾ ഉയർന്നു കൊണ്ടിരുന്നു. ആവേശഭരിതമായ മുദ്രാ വാക്യങ്ങൾ ഉയർന്നു കൊണ്ടിരുന്നു. ഫ്രാങ്ക്ഫർട്ടിലെ ലോക്കൽ അമീർ ആദരണീയ ഇദ്‌രീസ് അഹ്മദ് സാഹിബ്, മുബല്ലിഗ് ഫ്രാങ്ക്ഫർട്ട് ആദരണീയ മുഹമ്മദ് അശ്റഫ് ളിയാ സാഹിബ് സ്വാഗതം ഓതിക്കൊണ്ട് ആമോദത്തോടെ ഹുദൂറിൽ നിന്നു ഹസ്തദാനം സ്വീകരിച്ചു. ഫ്രാങ്ക്ഫർട്ട് പട്ടണത്തിലെ വിവിധ ഹൽഖകൾ കൂടാതെ ഹനാള (Hanau), ഗ്രോസ് ജെറൗ(Gross Gerau), വീസ്ബെയ്ഡൻ(Wiesbaden), ഡീറ്റ്സെൻബക്(Dietzenbach), ബഡ്ഹോംബർഗ്, (Badhomburg) ഫ്ളോർഷെയിം(Florsheim), മോർ

ഫെൽഡെൻ(Morfelden) എസ്ക്ക് ബോൺ(ESCH BORN), ഓഫൺബക് (OFFENBACH) തുടങ്ങിയ ജമാഅത്തുകളിൽ നിന്നു ഹുദൂറിനെ സ്വീകരിക്കാൻ ജമാഅത്ത് സഹോദരങ്ങളെത്തിയിരുന്നു. ഹുദൂർ അൻവർ കൈയ്യുയർത്തി അസ്സലാമു അലയ്ക്കും പറഞ്ഞു. ഇരു ഭാഗത്തുമായി നിന്ന സഹോദരന്മാർക്കിടയിലൂടെ മന്ദം മന്ദം നീങ്ങിയ ഹുദൂർ താമസസ്ഥലത്തേക്ക് പോയി.

11.45 - ന് ഹുദൂർഅൻവർ മഗ്‌രിബ് - ഇശാഅ് നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. ശേഷം അവിടന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

ഹുദൂറിനെ സ്വീകരിക്കാൻ ആയിരത്തി മുന്നൂറ് അഹ്മദികൾ ജർമനിയിലെ വിവിധ ജമാഅത്തുകളിൽനിന്നു എത്തിയിരുന്നു.

ഇവരിൽ ചിലർ കഴിഞ്ഞ 6 മാസങ്ങളിൽ പാക്കിസ്താനിൽനിന്നു വിവിധ മാർഗേണ ഇവിടെ എത്തിയിരുന്നവരാണ്. അവർക്ക് ആദ്യമായാണ് ഹുദൂറിന്റെ പിന്നിൽ നമസ്കരിക്കാൻ അവസരം ലഭിച്ചത്. തങ്ങൾക്കു ലഭിച്ച സൗഭാഗ്യത്തിൽ അവരെല്ലാവരും സീമാതീതമായ സന്തോഷത്തിലാണ്. നന്ദി സൂചകമായി അവരെല്ലാം അല്ലാഹുവിന് സാഷ്ടാംഗം ചെയ്തു. അനുഗൃഹീതമായ ഈ നിമിഷങ്ങളിൽ അവരെല്ലാം ഉന്മത്തരായിരുന്നു. ഇത് അവർക്ക് ഒരു ജീവജലം പകർന്നു. ദശകങ്ങളായുള്ള അവരുടെ കഠിന ദാഹത്തിന് പ്രിയ ഇമാമിനെ ദർശിച്ചു കൊണ്ട് ശമനം കൈവന്നു.. ഈ നിമിഷങ്ങള് അവരുടെ ജീവിതത്തിൽ ആദ്യമാണ് വന്നെത്തിയത്. ഉന്നതനായ അല്ലാഹു ഈ അനുഗ്രഹങ്ങളും സായൂജ്യങ്ങളും നമുക്കെല്ലാവർക്കും തികവാർന്നതാക്കുമാറാകട്ടെ. ആമീൻ(തുടരും)(അവലംബം, ബദ്ർ ഉർദു ജൂൺ 4 2015)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
**The Weekly BADR Qadian (Malayalam)**

## 127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽഅസീസ് 127 - ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുക. *(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പേജ് 5 ൽ നിന്ന്

ളിറാർ(റ) തീനാളംപോലെ ബൂലിസിനടുത്തേക്ക് കുതിച്ചു. അയാൾ അദ്ദേഹത്തെ കണ്ടപ്പോൾ ഭയന്ന് വിറച്ചു. ബൂലിസ് കുതിരയിൽനിന്ന് ഇറങ്ങി ഓടാൻ തുടങ്ങി. ഹദ്റത്ത് ളിറാറും അയാളെ പിന്തുടർന്നു. ജീവനോടെ പിടികൂടി ബന്ദിയാക്കി. ആ യുദ്ധത്തിൽ ശത്രുക്കളുടെ ആറായിരം ആളുകളിൽ ഏറെക്കുറെ നൂറുപേർ മാത്രമേ രക്ഷപ്പെട്ടിട്ടുള്ളു. ഹദ്റത്ത് ളിറാർ അസ്വസ്ഥനായിരുന്നു. കാരണം ഹദ്റത്ത് ഖൗലയും ബന്ദിയാക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'ഭയപ്പെടേണ്ടതില്ല. നമ്മൾ അവരുടെ കാര്യപ്പെട്ട ഒരാളെ പിടികൂടിയിട്ടുണ്ട്. അയാൾക്കുപകരമായി നമ്മുടെ എല്ലാ ബന്ദികളും വളരെ എളുപ്പത്തിൽ മോചിപ്പിക്കപ്പെടുന്നതാണ്.' ഹദ്റത്ത് ഖാലിദ് രണ്ടായിരം സൈനികരെ തന്റെകൂടെ കൂട്ടി. ബാക്കി എല്ലാ സൈന്യത്തെയും ഹദ്റത്ത് അബൂഉബയ്ദയെ ഏൽപിച്ചു. അങ്ങനെ സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുകയും അദ്ദേഹം ബന്ദികളായ സ്ത്രീകളെ അന്വേഷിച്ച് പുറപ്പെടുകയും ചെയ്തു. അദ്ദേഹം അതിശീഘ്രം നീങ്ങിക്കൊണ്ട് ശത്രുക്കൾ മുസ്‌ലിം സ്ത്രീകളെ ബന്ദിയാക്കി കൊണ്ടുപോകുന്നിടത്തെത്തി. അദ്ദേഹം അവിടെ പൊടിപടലങ്ങൾ ഉയരുന്നത് കണ്ടപ്പോൾ അത്ഭുതപ്പെട്ടു. അവിടെ എന്തുകൊണ്ടാണ് യുദ്ധം നടന്നുകൊണ്ടിരിക്കുന്നത്? മനസ്സിലാക്കാൻ കഴിഞ്ഞത് ബൂലിസിന്റെ സഹോദരൻ ബുത്റസ് സ്ത്രീകളെ ബന്ദിയാക്കി അരുവിയുടെ അടുത്ത് സഹോദരനെ കാത്ത് കഴിയുകയായിരുന്നു. അങ്ങനെ സ്ത്രീകളെ പരസ്പരം വീതിക്കാൻ തുടങ്ങി. ബുത്റസ് ഹദ്റത്ത് ഖൗലയെ സംബന്ധിച്ച് പറഞ്ഞു: 'ഇത് എനിക്കുള്ളതാണ്.' ആകയാൽ സ്ത്രീകളെ ഒരു കൂടാരത്തിൽ അടക്കുകയും അയാൾ സ്വയം വിശ്രമിക്കാനും തുടങ്ങി. അവർ ബൂലിസിനെ പ്രതീക്ഷിക്കുകയായിരുന്നു. ആ സ്ത്രീകളിൽ ഭൂരിപക്ഷവും ധൈര്യവതികളും കുതിര സവാരികളിൽ നൈപുണ്യമുളളവരുമായിരുന്നു. അവർക്ക് എല്ലാത്തരം യുദ്ധങ്ങളെ കുറിച്ചും അറിയാമായിരുന്നു. അവർ ഒരുമിച്ചുകൂടി. ഹദ്റത്ത് ഖൗല അവരെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലയോ ഹിംയർ ഗോത്രത്തിലെ പുത്രിമാരേ!അല്ലയോ തുബ്ബഅ് ഗോത്രത്തിന്റെ ശേഷിപ്പുകാരേ! കാഫിരീങ്ങളായാ റോമക്കാർ നിങ്ങളെ അടിമകളാക്കുന്നത് ഇഷ്ടപെടുന്നുണ്ടോ? അറേബ്യൻ സദസ്സുകളിൽ കേട്ടിരുന്ന നിങ്ങളുടെ ധൈര്യവും ആത്മാഭിമാനവും എവിടെ പോയി? കഷ്ടമെന്ന് പറയട്ടെ! ഞാൻ നിങ്ങളെ ആത്മാഭിമാനത്തിൽനിന്ന് അകന്നവരും ധൈര്യവും സ്ഥൈര്യവും ഒഴിഞ്ഞവരുമായി കാണുന്നു. വരാനിരിക്കുന്ന ആപത്തിനേക്കാൾ നിങ്ങൾക്ക് നല്ലത് മരണമാകുന്നു.'

ഇത് കേട്ടപ്പോൾ ഒരു സ്വഹാബിയ പറഞ്ഞു: 'അല്ലയോ ഖൗല! താങ്കൾ പറഞ്ഞത് തീർച്ചയായും ശരിയാണ്. ഈ ബന്ധനാവസ്ഥയിൽ നമ്മുടെ പക്കൽ കുന്തമോ വാളുകളോ ഇല്ല. നമുക്കെന്താണ് ചെയ്യാൻ കഴിയുക? നമ്മുടെ പക്കൽ കുതിരയോ ആയുധങ്ങളോ ഇല്ല. നമ്മൾ പൊടുന്നനെ ബന്ദികളാക്കപ്പെട്ടവരാണ്.' ഹദ്റത്ത് ഖൗല പറഞ്ഞു: 'അൽപമൊന്ന് ചിന്തിക്കുക! കൂടാരത്തിന്റെ കാലുകളില്ലേ. അതെടുത്തുകൊണ്ട് ഈ ദുർഭഗന്മാർക്കുമേൽ നമ്മൾ ആക്രമണം നടത്തുന്നതാണ്. ഒന്നുകിൽ നമ്മൾ വിജയിക്കും അല്ലെങ്കിൽ ശഹീദാകും.' അതു കേട്ടപ്പോൾ സ്ത്രീകൾ കൂടാരത്തിന്റെ ഓരോരോ കമ്പുകളെടുത്തു. ഹദ്റത്ത് ഖൗല(റ) ഒരു മുട്ടൻ വടി തന്റെ തോളിൽവെച്ചുകൊണ്ട് മുന്നോട്ട് നീങ്ങി.

ഹദ്റത്ത് ഖൗല കൂടെയുള്ളവരോടു പറഞ്ഞു: 'ചങ്ങലക്കണ്ണികൾപോലെ ഒന്നിച്ച് നിൽക്കണം. വിട്ടുപോകരുത്. അല്ലെങ്കിൽ നമ്മൾ എല്ലാവരും വധിക്കപെടുന്നതാണ്.' തുടർന്ന് ഹദ്റത്ത് ഖൗല മുന്നോട്ട് ഗമിച്ച് ഒരു റോമൻ കാഫിറിനെ അടിച്ചുകൊന്നു. റോമക്കാർ സ്ത്രീകളുടെ ധൈര്യവും സ്ഥൈര്യവും കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. ബുത്റസ് പറഞ്ഞു: 'ദൗർഭാഗ്യവതികളേ! നിങ്ങൾ എന്താണ് ചെയ്യുന്നത്?' ഒരു സ്വഹാബിയ മറുപടിനൽകിക്കൊണ്ട് പറഞ്ഞു: 'ഇന്ന് ഞങ്ങൾ ഈ വടികളുമായി നിങ്ങളുടെ ബുദ്ധി നേരെയാക്കാൻ ഉദ്ദേശിക്കുന്നു. നിങ്ങളെ കൊന്നൊടുക്കി ഞങ്ങൾ ഞങ്ങളുടെ പൂർവികരുടെ അഭിമാനം സംരക്ഷിക്കുന്നതാണ്.' ബുത്റസ് പറഞ്ഞു: 'അവരെ എല്ലാവരെയും ജീവനോടെ പിടികൂടുക. ഖൗലയെ ജീവനോടെ പിടികൂടാൻ പ്രത്യേകം ശ്രദ്ധിക്കുക.' നാലുഭാഗത്തും മൂവായിരം റോമക്കാർ ഒന്നിച്ച് നിന്നിരുന്നു. പക്ഷേ, ആർക്കും സ്ത്രീകളുടെ അടുത്തെത്താൻ കഴിഞ്ഞിരുന്നില്ല. ആരെങ്കിലും മുന്നോട്ട് വന്നാൽ അവരുടെ കുതിരയെയും അവരെയും അടിച്ച് വീഴ്ത്തിയിരുന്നു. അങ്ങനെ മൂവായിരം സൈനികരെ ആ സ്ത്രീകൾ മരണക്കയത്തിലേക്ക് തള്ളിയിട്ടു.

ബുത്റസ് ഇതുകണ്ട് കോപാകുലനായി. കുതിരയിൽ നിന്നിറങ്ങി തന്റെ കൂട്ടാളികളോടൊപ്പം വാളുകൊണ്ട് യുദ്ധം ചെയ്യാൻ തുടങ്ങി. പക്ഷേ, സ്ത്രീകൾ ഒരിടത്തുതന്നെ ഒരുമിച്ച് നിൽക്കുകയായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ)യും സകലരെയും നേരിട്ടു. ആർക്കും അടുത്തെത്താൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. ബുത്റസ് ഹദ്റത്ത് ഖൗലയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലയോ ഖൗലാ! നീ നിന്റെ ജീവനോട് കരുണ കാണിക്കുക! ഞാൻ നിന്നെ വിലമതിക്കുന്നു. എന്റെ ഹൃദയത്തിൽ നിനക്ക് വലിയ വിലയുണ്ട്. രാജാവിനെപോലെയുള്ള ഞാൻ നിന്റെ യജമാനൻ ആകുന്നതും എന്റെ എല്ലാ സ്വത്തുക്കളും നിന്റേതാകുന്നതും നീ ഇഷ്ടപ്പെടുന്നില്ലേ?' ഹദ്റത്ത് ഖൗല പറഞ്ഞു: 'അല്ലയോ ഭാഗ്യദോഷിയായ കാഫിറേ! അല്ലാഹുവാണ! എനിക്ക് സാധ്യമായെങ്കിൽ ഞാൻ ഈ വടികൊണ്ട് നിന്റെ തല അടിച്ച് പൊട്ടിക്കുന്നതാണ്. നീ എന്റെ ആടുകളെയും ഒട്ടകങ്ങളെയും മേയ്ക്കുന്നതുപോലും എനിക്കിഷ്ടമല്ല. എന്നിട്ടല്ലേ നീ ഞാനുമായി സമാസമം നിൽക്കുന്നതിനുള്ള വാദം ഉന്നയിക്കുന്നത്.' അപ്പോൾ ബുത്റസ് സൈന്യത്തോട് പറഞ്ഞു: 'എല്ലാവരെയും വധിക്കുക.' സൈനികർ വീണ്ടും പുതിയരീതിയിൽ തയ്യാ

റാകുകയായിരുന്നു. പ്രാരംഭ ആക്രമണം നടത്താൻ തുടങ്ങുകയായിരുന്നു. അപ്പോഴേക്കും മുസ്‌ലിമീങ്ങൾ ഹദ്റത്ത് ഖാലിദിന്റെ നേതൃത്വത്തിൽ അവിടെയെത്തി. അദ്ദേഹത്തിന് കാര്യങ്ങളെല്ലാം അറിയാൻ കഴിഞ്ഞു. സ്ത്രീകളുടെ ധൈര്യത്തിലും ചെറുത്തു നിൽപിലും മുസ്‌ലിമീങ്ങൾ വളരെയധികം സന്തോഷിച്ചു. പിന്നെ സൈന്യം മുഴുവൻ അവിശ്വാസികളെ വളയുകയും ഒന്നിച്ച് ആക്രമിക്കുകയും ചെയ്തു. ഹദ്റത്ത് ഖൗല ഉറക്കെ വിളിച്ചു പറഞ്ഞു: 'അല്ലാഹുവിന്റെ സഹായം എത്തിയിരിക്കുന്നു. അല്ലാഹു കരുണ കാണിച്ചിരിക്കുന്നു.' ബുത്റസ് മുസ്‌ലിമീങ്ങളെ കണ്ടപ്പോൾ അസ്വസ്ഥനാകുകയും ഓടാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, ഓടുന്നതിനു മുമ്പേതന്നെ രണ്ടു മുസ്‌ലിം കുതിരപ്പടയാളികൾ തന്റെ അടുത്ത് വരുന്നത് അയാൾ കണ്ടു. അതിലൊന്ന് ഹദ്റത്ത് ഖാലിദും മറ്റേയാൾ ഹദ്റത്ത് ളിറാറുമായിരുന്നു. ളിറാർ അയാൾക്കുനേരെ ഒരു അമ്പെയ്തു. അയാൾ കുതിരയിൽനിന്ന് വീഴാൻ തുടങ്ങിയെങ്കിലും വീണില്ല. വീണ്ടും ളിറാർ മറ്റൊരു അമ്പെയ്തതോടുകൂടി അയാൾ നിലംപതിച്ചു. മുസ്‌ലിമീങ്ങൾ നിരവധി റോമക്കാരെ കൊന്നൊടുക്കി. രക്ഷപ്പെട്ടവർ ഡമസ്കസിലേക്ക് ഓടിപ്പോയി.

ഹദ്റത്ത് ഖാലിദ് തിരിച്ചുവന്നപ്പോൾ ബൂലിസിനെ വിളിച്ച് ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. 'നീ ഇസ്‌ലാം സ്വീകരിക്കുക. അല്ലെങ്കിൽ നിന്റെ സഹോദരനോട് ചെയ്തതുപോലെ നിന്നോടും ചെയ്യുന്നതാണ്.' ബൂലിസ് ചോദിച്ചു: 'എന്റെ സഹോദരനോട് എന്താണ് ചെയ്തത്?' ഖാലിദ് പറഞ്ഞു: 'നിന്റെ സഹോദരനെ കൊന്നിരിക്കുന്നു.' ബൂലിസ് തന്റെ സഹോദരന്റെ പര്യവസാനം കണ്ടപ്പോൾ പറഞ്ഞു: 'ഇനി ജീവിതത്തിൽ ഒരു രസവുമില്ല. എന്നെയും സഹോദരന്റെ കൂടെ ചേർത്താലും.' അങ്ങനെ അയാളെയും വധിക്കുകയുണ്ടായി. *(ഫുതൂഹാത്തെ ശാം, ഫള്ൽമുഹമ്മദ് യൂസുഫ് സഈ, പേജ് 82 -89, മക്തബ ഈമാൻ വ യഖീൻ)*

എന്തായാലും ഇസ്‌ലാമിക സൈന്യം വീണ്ടും അജ്നാദയ്നിൽ സംഘടിച്ചു.ഈ വിശദീകരണം നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. ഡമസ്കസിന്റെ ഈ രണ്ടാമത്തെ ഉപരോധനമുണ്ടായി. നേരത്തെ അതൊഴിവാക്കി വന്നതായിരുന്നല്ലോ. ഈ യുദ്ധത്തിനുശേഷം വീണ്ടും ഡമസ്കസ് ഉപരോധിക്കപ്പെട്ടതിനെ കുറിച്ച് എഴുതുന്നു: അജ്നാദയ്ൻ വിജയത്തിനുശേഷം ഹദ്റത്ത് ഖാലിദ് ഇസ്‌ലാമിക സൈന്യത്തോട് ഡമസ്കസിലേക്ക് വീണ്ടും നീങ്ങാൻ കൽപിച്ചു. ഡമസ്കസുകാർക്ക് അജ്നാദയ്നിൽ റോമൻ സൈന്യം പരാജയപ്പെട്ട വാർത്ത നേരത്തെതന്നെ കിട്ടിയിരുന്നു. എന്നാൽ, ഇസ്‌ലാമിക സൈന്യം ഡമസ്കസിലേക്ക് വരുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ അവർ വളരെ ഭയന്നുപോയി. ഡമസ്കസിന്റെ ചുറ്റുവട്ടത്ത് താമസിച്ചിരുന്ന ആളുകൾ എത്രയും വേഗം കോട്ടയ്ക്കുള്ളിൽ അഭയം തേടി. കോട്ടയ്ക്കുള്ളിൽ വൻതോതിൽ ധാന്യങ്ങളും സാധനങ്ങളും ശേഖരിക്കാനും തുടങ്ങി. ഇസ്‌ലാമിക സൈന്യത്തിന്റെ ഉപരോധം നീളുകയാണെങ്കിൽ അതൊന്നും തീർന്നുപോകരുതെന്ന് കരുതിയാണ് അങ്ങനെ ചെയ്തത്. കൂടാതെ ആയുധങ്ങളും യുദ്ധ സാമഗ്രികളും ശേഖരിച്ചു. കോട്ടയുടെ ചുമരുകളിൽ കവണകളിൽ ഉപയോഗിക്കാനുള്ള കല്ലുകളും പരിചയും അമ്പും വില്ലും തുടങ്ങിയ സാധനങ്ങളും എത്തിച്ചു. ഉപരോധിക്കുന്നവരെ കോട്ടയുടെ ചുമരുകളിൽനിന്ന് ആക്രമിക്കാനാണ് ഇങ്ങനെ ചെയ്തത്. ഇസ്‌ലാമിക സൈന്യം ഡമസ്കസിനു സമീപം തമ്പടിച്ചു. പിന്നെ മുന്നോട്ടുവന്നു കോട്ടയെ ഉപരോധിച്ചുതുടങ്ങി. ഹദ്റത്ത് ഖാലിദ് ഡമസ്കസിന്റെ എല്ലാ കവാടങ്ങളിലും സൈന്യങ്ങളെ അവരുടെ നേതാക്കന്മാരോടൊപ്പം നിശ്ചയിക്കുകയുണ്ടായി. *(മർദാനെ അറബ്, ഭാഗം 1, അബ്ദുസ്സത്താർ ഹമദാനീ, പേജ് 247, അക്ബർ ബുക്സെല്ലേർസ് ലാഹാർ)*

ആ നേരത്ത് ഡമസ്കസിന്റെ ഭരണാധികാരി തൗമ ആയിരുന്നു. ഡമസ്കസിലെ നേതാക്കന്മാരും വിവേകമതികളുമായ ആളുകൾ തൗമയ്ക്ക് ഇങ്ങനെ അഭിപ്രായം നൽകി: 'നമുക്ക് ഇസ്‌ലാമിക സൈന്യത്തെ നേരിടാനുള്ള ശക്തിയില്ല. അതുകൊണ്ട് ഒന്നുകിൽ ഹിർഖലിനോട് സഹായം തേടുക, അതല്ലെങ്കിൽ മുസ്‌ലിമീങ്ങളുമായി സന്ധി ചെയ്യുക. അവർ എന്താണോ ആവശ്യപ്പെടുന്നത് അത് നൽകി ജീവൻ സംരക്ഷിക്കുക.' പക്ഷേ, തൗമ അഹങ്കാരത്തോടെയും ഗർവ്വോടെയും പറഞ്ഞു: 'ഞാൻ അറബികൾക്ക് ഒരു വിലയും കൽപിക്കുന്നില്ല. ഞാൻ മഹാനായ ഹെർക്കുലീസിന്റെ ജാമാതാവും യുദ്ധ നിപുണനുമാകുന്നു. ഞാനുള്ളപ്പോൾ മുസ്‌ലിമീങ്ങൾക്ക് പട്ടണത്തിൽ കാലുകുത്താൻ പോലും ധൈര്യം ഉണ്ടാകുന്നതല്ല.'

നേതാക്കന്മാർ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചപ്പോൾ തൗമ അവർക്ക് സാന്ത്വനം നൽകിക്കൊണ്ട് പറഞ്ഞു: 'എത്രയും വേഗം ഹിർഖലിന്റെ ഒരു വലിയ സൈന്യം നമ്മെ സഹായിക്കാൻ വരുന്നുണ്ട്.' തൗമ എല്ലാ ഭാഗത്തുനിന്നും മുസ്‌ലിമീങ്ങളെ ശക്തമായി ആക്രമിക്കാൻ കൽപന നൽകി. ഈ ആക്രമണത്തിന്നിടയിൽ നിരവധി മുസ്‌ലിമീങ്ങൾക്ക് പരിക്കേൽക്കുകയും പലരും ശഹീദാകുകയുമുണ്ടായി. ഹദ്റത്ത് അബാൻ ബിൻ സയീദിനും വിഷം പുരണ്ട ഒരു അമ്പേൽക്കുകയുണ്ടായി. അമ്പേറ്റപ്പോൾ അദ്ദേഹം മുറിവിനു മുകളിൽ തലപ്പാവ് എടുത്ത് ചുറ്റുകയുണ്ടായി. പക്ഷേ, കുറച്ച് സമയത്തിനകംതന്നെ വിഷം അദ്ദേഹത്തിന്റെ ശരീരത്തിൽ കയറുകയും അദ്ദേഹം മോഹാലസ്യപെട്ട് വീഴുകയും അൽപനേരത്തിനകം ശഹീദാകുകയുമുണ്ടായി. ഹദ്റത്ത് അബാന്റെ നിക്കാഹ് അജ്നാദയൻ യുദ്ധത്തിന്നിടയിൽ ഹദ്റത്ത് ഉമ്മു അബാനുമായി നടന്നിട്ടുണ്ടായിരുന്നു. അവരുടെ കൈകളിൽ മൈലാഞ്ചിയുടെ നിറവും തലയിൽ അത്തറിന്റെ മണവും ബാക്കിയുണ്ടായിരുന്നു. അതായത് തികച്ചും നവദമ്പതികളായിരുന്നു. ഹദ്റത്ത് ഉമ്മു അബാൻ അറേബ്യായിലെ ജിഹാദുകളിൽ മുൻപന്തിയിലുണ്ടായിരുന്ന ധീര വനിതകളിലാണ് എണ്ണപ്പെടുന്നത്. അവർ തന്റെ ഭർത്താവിന്റെ ശഹാദത്തിനെ കുറിച്ച് അറിഞ്ഞപ്പോൾ തപ്പി തടഞ്ഞ് ഓടിക്കിതച്ച് അവിടെ എത്തി. തന്റെ ഭർത്താവിന്റെ മൃതദേഹത്തിന്നരികിൽ ക്ഷമയും സ്ഥൈര്യവും കൈക്കൊണ്ട് നിന്നു. നാവിൽനിന്ന് നന്ദികേടിന്റെ ഒരു വാക്കുപോലും വന്നില്ല. ഭർത്താവിന്റെ വേർപാടിൽ അവർ ഏതാനും ഈരടികൾ ചൊല്ലുകയുണ്ടായി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ജനാസ നമസ്കരിപ്പിച്ചു. ഖബറടക്കത്തിനുശേഷം ഹദ്റത്ത് ഉമ്മു അബാൻ ദൃഢനിശ്ചയത്തോടുകൂടി തന്റെ കൂടാരത്തിലെത്തി. ആ നേരത്ത് തൗമക വാടത്തിൽ ശക്തമായ യുദ്ധം നടക്കുകയായിരുന്നു. ഹദ്റത്ത് ഉമ്മു അബാൻ മുസ്‌ലിമീങ്ങളോടൊപ്പം ശക്തമായി പൊരുതാൻ ഉണ്ടായിരുന്നു. തന്റെ അമ്പുമായി നിരവധി റോമക്കാർക്ക് പരിക്കേൽപ്പിക്കുകയും പലരേയും മരണക്കയത്തിലേക്ക് തള്ളിയിടുകയും ചെയ്തു. അവസാനം യുദ്ധത്തിന്നിടയിൽ സന്ദർഭം കിട്ടിയപ്പോൾ തൗമയുടെ സംരക്ഷകനെ ഉന്നം വെക്കുകയുണ്ടായി. അയാളുടെ കൈയിൽ ഒരു വലിയ കുരിശുണ്ടായിരുന്നു.

അത് സ്വർണംകൊണ്ട് ഉണ്ടാക്കിയതുമായിരുന്നു. അതിൽ വിലപ്പിടിപ്പുള്ള മുത്തുകൾ പതിച്ചിരുന്നു. ഈ വലിയ കുരിശ് പിടിച്ചിട്ടുണ്ടായിരുന്ന ആൾ റോമക്കാരെ യുദ്ധത്തിന് പ്രേരിപ്പിച്ച് കൊണ്ടിരുന്നു. കുരിശിനെ മുൻനിറുത്തി വിജയത്തിനു വേണ്ടി പ്രാർഥിക്കുന്നു. ഹദ്റത്ത് ഉമ്മു അബാനിന്റെ ശരം അയാൾക്കു മേൽ പതിച്ചതും അയാളുടെ കൈയിൽനിന്ന് കുരിശ് താഴെ വീണു. അത് മുസ്‌ലിമീങ്ങളുടെ അധീനതയിലായി.

കുരിശ് മുസ്‌ലിമീങ്ങളുടെ അധീനതയിലായത് കണ്ടപ്പോൾ തൗമ അത് തിരിച്ചുപിടിക്കാൻ തന്റെ കൂട്ടാളികളോടൊപ്പം താഴേക്കിറങ്ങി വന്നു. വാതിൽ തുറന്ന് മുസ്‌ലിമീങ്ങളോട് യുദ്ധം ചെയ്യാൻ തുടങ്ങി. ആ സമയത്ത് കോട്ടയ്ക്ക് മുകളിലിരുന്ന് റോമക്കാരും ശക്തമായ ആക്രമണം തുടങ്ങി. ഇതിന്നിടയിൽ ഹദ്റത്ത് ഉമ്മു അബാൻ തക്കംനോക്കി തൗമയുടെ കണ്ണിലേക്ക് അമ്പെയ്തു. അയാളുടെ കണ്ണ് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. അപ്പോൾ തൗമ തന്റെ സുഹൃത്തുക്കളോടൊപ്പം പിന്നിലേക്ക് നീങ്ങാൻ നിർബന്ധിതനായി. അയാൾ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ച് വാതിലടച്ചു. തൗമയുടെ അവസ്ഥ കണ്ടപ്പോൾ ഡമസ്കസുകാർ അയാളോട് പറഞ്ഞു: 'ഇതുകൊണ്ടാണ് അറബികളെനേരിടാൻ നമുക്ക് സാധ്യമല്ലെന്ന് ഞങ്ങൾ നേരത്തെ പറഞ്ഞത്. അതിനാൽ അറബികളുമായി സന്ധിയിലാകാൻ ഏതെങ്കിലും വഴിതേടേണ്ടതാണ്.' അതുംകൂടി കേട്ടപ്പോൾ തൗമ കൂടുതൽ രോഷാകുലനായി. തന്റെ കൂട്ടുകാരനോട് പറഞ്ഞു: 'എന്റെ ഒരു കണ്ണിനു പകരം ഞാൻ അവരുടെ ആയിരം കണ്ണുകൾ പൊട്ടിക്കുന്നതാണ്.' *(മർദാനെ അറബ്, ഭാഗം 1, അബ്ദുസ്സത്താർ ഹമദാനീ, പേജ് 248-254, അക്ബർ ബുക്സെല്ലേർസ് ലാഹാർ)*

ഡമസ്കസുകാർ ഹിംസിൽനിന്ന് ഇരുപതിനായിരം സൈനികർ വരുമെന്ന പ്രതീക്ഷയിലായിരുന്നു. *(സയ്യിദുനാ ഉമർ ബിൻ ഖത്വാബ്, അലി മുഹമ്മദ് അസ്സല്ലാബീ പേജ് 724)*. എന്നാൽ, മുസ്‌ലിം സൈന്യം ഒരു സംഘത്തെ ഡമസ്കസിന്റെ വഴി

യിൽ നിറുത്തിയിരുന്നു. അങ്ങനെ അവരെ ഹിംസിലെത്തുന്നതിനു മുമ്പേ തടയുകയായിരുന്നു ലക്ഷ്യം. മുസ്‌ലിമീങ്ങൾ ഡമസ്കസിനെ ശക്തമായി ഉപരോധിക്കുകയായിരുന്നു. ഇതിൽ യുദ്ധങ്ങളും അമ്പെയ്ത്തും കവണ പ്രയോഗവുംകൊണ്ട് ശത്രുക്കൾ നല്ലപോലെ അസ്വസ്ഥരാകുകയും ചെയ്തിട്ടുണ്ടായിരുന്നു. തങ്ങൾക്ക് സഹായം ലഭിക്കുകയില്ലെന്ന് ഡമസ്കസുകാർക്ക് ഉറപ്പായി. അവർക്കുള്ളിൽ നിസ്സഹായതയും ഭീരുത്വവുമുണ്ടായിത്തുടങ്ങി. അവർ കൂടുതൽ ചെറുത്ത് നിൽപ്പ് ഉപേക്ഷിച്ചു. മുസ്‌ലിമീങ്ങളുടെ ഹൃദയത്തിലാകട്ടെ അവരെ കീഴടക്കാനുള്ള ആവേശം കൂടുതൽ പ്രോജ്ജ്വലമാകുകയും ചെയ്തു.*(താരീഖ് അത്ത്വബരി വാള്യം 2, പേജ് 357-358, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഡമസ്കസുകാർ കരുതിയത് ശക്തമായ തണുപ്പിൽ മുസ്‌ലിമീങ്ങൾ നീണ്ട ഉപരോധത്തിന്റെ പ്രയാസങ്ങൾ സഹിക്കുകയില്ലെന്നായിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ സാഹചര്യങ്ങളെ ധൈര്യപൂർവം നേരിട്ട്, ഡമസ്കസിന്റെ ചുറ്റുപാടുമുണ്ടായിരുന്ന വീടുകൾ തങ്ങളുടെ വിശ്രമത്തിനും മറ്റും ഉപയോഗിക്കാൻ തുടങ്ങി. ആഴ്ചകൾ വീതം തവണകളായി ഉപരോധത്തിൽ ഏർപ്പെട്ടു തുടങ്ങി. ഒരു വിഭാഗം വിശ്രമിക്കാൻ പോകുമ്പോൾ മറ്റൊരു കൂട്ടർ ഉപരോധത്തിനെത്തും. കവാടങ്ങളിൽ സൈനിക സംഘങ്ങൾക്കു പിന്നിൽ അവർക്ക് സഹായം നൽകാനും മേൽനോട്ടം വഹിക്കാനും മറ്റൊരു സൈന്യത്തെ നിയോഗിച്ചിരുന്നു. ഇങ്ങനെ നീണ്ട നീണ്ട പ്രതിരോധംകൊണ്ട് അവരെ ഒതുക്കാൻ എളുപ്പമായി. പക്ഷേ, മുസ്‌ലിമീങ്ങൾ അവിടംകൊണ്ട് നിറുത്തിയില്ല. മറിച്ച് ശത്രുക്കളുടെ സംഘടിതമായ തടസ്സങ്ങളെ മറികടക്കാൻ യുദ്ധ ഭൂമിയിലെ നീക്കങ്ങളും യുദ്ധ മുറകളും നടത്തിക്കൊണ്ടേയിരുന്നു. തടസ്സങ്ങളുടെ ഈ സുസംഘടിതവും സുദീർഘവുമായ ഘട്ടത്തിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ] ഡമസ്കസിലേക്ക് പ്രവേശിക്കാനുള്ള ഉചിതമായ ഒരിടം കണ്ടെത്തുന്നതിൽ വിജയിച്ചു.

ഇത് ഡമസ്കസിലെ ഏറ്റവും നല്ല ഭാഗമായിരുന്നു. ഈ സ്ഥലത്ത് കിടങ്ങിലെ വെള്ളം ഒരുപാട് ആഴമുള്ളതായിരുന്നു. അവിടെനിന്ന് ഡമസ്കസിൽ കടക്കുന്നത് ഏറെ ദുഷ്കരമായ ജോലിയായിരുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്[റ] ഡമസ്കസിലേക്ക് കടക്കുന്നതിന് കുറെ കയറുകൾ ഒരുമിച്ചുകൂട്ടി. അങ്ങനെ ചുമരിന് മുകളിൽ കയറാനും ഡമസ്കസിലേക്ക് ഇറങ്ങാനും അത് കോണിപോലെ ഉപയോഗിയ്ക്കാമെന്ന് അദ്ദേഹം ഒരു ഉപായം കണ്ടെത്തി. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ഏതോ ഒരു മാർഗത്തിലൂടെ ഡമസ്കസിലെ വഴിയിലുള്ള റോമൻ സൈന്യത്തിന്റെ പതിനായിരം പേരടങ്ങുന്ന സംഘത്തലവനു ഒരു കുട്ടി ഉണ്ടായിരിക്കുന്നു എന്ന് അറിയിപ്പ് കിട്ടി. കുട്ടിയുടെ ജനനത്തിൽ സംരക്ഷകരായ സൈനികരെല്ലാവരും ഭക്ഷണ കാര്യങ്ങളിൽ വ്യാപൃതരാണെന്നും അദ്ദേഹം അറിഞ്ഞു. അവർ എല്ലാവരും നല്ലപോലെ തിന്നും കുടിച്ചും മദോന്മത്തരായി കിടന്നുറങ്ങുകയും തങ്ങളുടെ ഉത്തരവാദിത്വത്തിൽ അശ്രദ്ധരാകുകയും ചെയ്തു.

ഇതിന്നിടയിൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് തന്റെ ചില കൂട്ടുകാരോടൊപ്പം തുകൽ സഞ്ചികളുടെ സഹായത്താൽ കിടങ്ങ് മുറിച്ച് കടക്കുകയും കോട്ടമതിലുകൾക്ക് അടുത്തെത്തുകയും ചെയ്തു. കയറുകൾ കൊണ്ട് കൊളുത്തിട്ട് അവയെ കോണിപ്പടികൾ പോലെ ഉപയോഗിച്ച് ചുമരുകളിൽ ശക്തമായി പിടിപ്പിച്ചു. ഒരുപാട് കയറുകൾ ചുമരുകളിൽ തൂക്കിയിട്ടു. ഈ കയറുകളുടെ സഹായത്താൽ നിരവധി മുസ്‌ലിമീങ്ങൾ ചുമരുകളിൽക്കയറുകയും ഉള്ളിലേക്കിറങ്ങി കവാടങ്ങളുടെ അടുത്തെത്തുകയും ചെയ്തു. അടഞ്ഞു കിടക്കുന്ന കവാടങ്ങൾ വാളുകൊണ്ട് വെട്ടിത്തുറന്നു. അങ്ങനെ ഇസ്‌ലാമിക സൈന്യം ഡമസ്കസിൽ പ്രവേശിച്ചു. *(സയ്യിദുനാ ഉമർ ബിൻ ഖത്വാബ്, അലി മുഹമ്മദ് അസ്സ്വലാബി പേജ് 727-728).*

ഹദ്റത്ത് ഖാലിദിന്റെ സൈന്യം കിഴക്കൻ കവാടത്തിന്റെനിയന്ത്രണംഏറ്റെടുത്തപ്പോൾ റോമക്കാർ ഭയപ്പെട്ടുകൊണ്ട് ഹദ്റത്ത് അബൂഉബയ്ദയുടെ അടുക്കൽ പടിഞ്ഞാറു ഭാഗത്തുള്ള കവാടത്തിൽവെച്ച് സന്ധി ചെയ്യാൻ അപേക്ഷിച്ചു. വാസ്തവത്തിൽ മുസ്‌ലിമീങ്ങളുടെ ഭാഗത്ത് നിന്നുണ്ടായ ആദ്യ സന്ധി നിർദേശത്തെ അവർ നിരാകരിക്കുകയും യുദ്ധത്തിന് ശാഠ്യം പിടിക്കുകയുമായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ[റ] സന്തോഷപൂർവം സന്ധി ചെയ്യാനുള്ള അപേക്ഷ അംഗീകരിച്ചു. അപ്പോൾ റോമക്കാർ കോട്ടവാതിലുകളെല്ലാം തുറന്ന് മുസ്‌ലിമീങ്ങളോട്, 'വേഗം വന്ന് തങ്ങളെ ഈ കവാടത്തിലുള്ള അക്രമകാരികളിൽനിന്ന് രക്ഷപ്പെടുത്തിയാലും' എന്നു പറഞ്ഞു. അതായത് ഹദ്റത്ത് ഖാലിദിൽനിന്ന് രക്ഷപ്പെടുത്താൻ അവർ അപേക്ഷിക്കുകയായിരുന്നു. ഏതായാലും എല്ലാ കവാടത്തിലൂടെയും മുസ്‌ലിമീങ്ങൾ പട്ടണത്തിൽ പ്രവേശിച്ചു. ഹദ്റത്ത് ഖാലിദ് തന്റെ കവാടത്തിലൂടെ യുദ്ധം ചെയ്തുകൊണ്ട് പട്ടണത്തിലെത്തി. ഹദ്റത്ത് ഖാലിദും മറ്റു നാല് ഇസ്‌ലാമിക സൈന്യാധിപന്മാരും നഗരമധ്യത്തിൽ വെച്ച് കണ്ടുമുട്ടി. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഡമസ്കസിന്റെ കുറച്ച് ഭാഗം യുദ്ധം ചെയ്തുകൊണ്ടാണ് പിടിച്ചടക്കിയത്. എന്നാൽ, ഹദ്റത്ത് അബൂഉബയ്ദ[റ] സന്ധി ചെയ്യാനുള്ള ആവശ്യം അംഗീകരിച്ചതിനാൽ പിടിച്ചടക്കിയ പ്രദേശങ്ങളിലും സന്ധിയുടെ നിബന്ധനകൾ പാലിക്കുകയാണുണ്ടായത്.*(താരീഖ് അത്ത്വബരി വാള്യം 2, പേജ് 357-358, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)(അൽഫാറൂഖ്, ശിബ്‌ലി നുഅ്മാനീ, പേജ് 106-107,പ്രസാധനം അദാരിയെ ഇസ്‌ലാമിയാത്ത് 2004)*

ഇവിടെ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ചില ചരിത്രകാരന്മാർ ഡമസ്കസ് വിജയം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ, ഡമസ്കസ് യുദ്ധം ഹദ്റത്ത് അബൂബക്കർ[റ]ന്റെ ഖിലാഫത്ത് കാലത്ത് ആരംഭിച്ചിട്ടുണ്ടായിരുന്നു. വിജയ വാർത്ത മദീനയിൽ എത്തുമ്പോഴേക്കും ഹദ്റത്ത് അബൂബക്കർ[റ]വഫാത്തായിക്കഴിഞ്ഞിരുന്നു. ഇത് ഹദ്റത്ത് അബൂബക്കർ[റ]ന്റെ കാലത്തുണ്ടായ ഏറ്റവും അവസാനത്തെ യുദ്ധമായിരുന്നു.

ഹദ്റത്ത് അബൂബക്റിന്റെ ജീവിതത്തിലെ മറ്റു ചില വശങ്ങളെ കുറിച്ച് തുടർന്ന് വിവരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

ഈ സമയത്ത് ഞാൻ ചില പരേതാത്മാക്കളെ കുറിച്ച് അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. ആദ്യത്തേത് ദക്ഷിണ ഫലസ്തീനിലെ ജമാഅത്ത് സ്വദ്റായിരുന്ന ജനാബ് ഉമർ അബൂ അർഖൂബ് സാഹിബിനെ കുറിച്ചാണ്. ഇദ്ദേഹം ഓഗസ്റ്റ് 15 നു എഴുപതാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 2010-ൽ MTA അൽ അറബിയ മുഖേനയാണ് ഉമർ അർഖൂബ് സാഹിബ് ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുന്നത്. അത് സംബന്ധിച്ച് അദ്ദേഹം പറയുന്നു: 'ഞാൻ ആദ്യമായി ഓഅ കണ്ടപ്പോൾ അതിലെ ആളുകൾ തീർച്ചയായും നല്ലവരും സൽപ്രകൃതക്കാരുമാണെന്ന് എനിക്ക് തോന്നി. ഞാൻ ഒരു ഭാഗത്ത് മുസ്‌ലിമീങ്ങളെ കൊല്ലും കൊലയും തട്ടിപ്പും മോഷണവും പരസ്പരം വെറുപ്പും ഉള്ളവരായി കാണുന്നു. മറുഭാഗത്ത് അഹ്മദിയ്യ ജമാഅത്ത് കുടുംബ ബന്ധങ്ങളെ കുറിച്ച് ഉണർത്തുകയും തഹജ്ജുദ് നമസ്കരിക്കാനും വിശുദ്ധ ഖുർആൻ പാരായണം ചെയ്യാനും ഉപദേശിക്കുകയും ചെയ്യുന്നു. അത് എന്നെ വല്ലാതെ സ്വാധീനിച്ചു. ഇത് സത്യജമാഅത്താണെന്നും ഇതിനെ പിന്തുടരേണ്ടത് അനിവാര്യമാണെന്നും എനിക്ക് മനസ്സിലായി.' തുടർന്ന് പറയുന്നു: 'ഇസ്തിഖാറ ചെയ്തതിനുശേഷം എനിക്ക് ഉറപ്പ് വരുകയും ഇത് സത്യ ജമാഅത്താണെന്ന് ഞാൻ ഒരു സ്വപ്നം കാണുകയും ചെയ്തു.' അദ്ദേഹം പറയുന്നു: 'മരണംവരെയും ഞാൻ ഈ ജമാഅത്തുമായി ചേർന്ന് നിൽക്കുമെന്ന് ശപഥം ചെയ്തു.' എല്ലാ പ്രയാസഘട്ടത്തിലും പരേതൻ സ്ഥൈര്യപൂർവ്വം ഉറച്ചുനിന്നു. അദ്ദേഹം പറയുമായിരുന്നു: 'എനിക്ക് ജീവനുള്ളടത്തോളംകാലം ഞാൻ എന്റെ ശപഥത്തിൽ ഉറച്ച് നിൽക്കുന്നതാണ്.' അദ്ദേഹത്തിന്റെ ബയ്അത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ ഒരു സ്വപ്നം കണ്ടു. അതായത് കുറച്ച് അഹ്മദികൾ ഉമർ സാഹിബിനെ തങ്ങളുടെ മുറിയിലേക്ക് കൊണ്ടുപോകുന്നു. അദ്ദേഹത്തെ കുളിപ്പിക്കുകയും അദ്ദേഹത്തിന്റെ ഹൃദയം തുറന്നു ശുദ്ധമാക്കുകയും ചെയ്യുന്നു. എന്നിട്ട് അവർ എന്നോട് പറയുന്നു: 'ഞങ്ങൾ ഇദ്ദേഹത്തെ തിരിച്ചുകൊണ്ടുവന്നിരിക്കുകയാണ്.' പരേതൻ ഖിലാഫത്തിനോട് ഏറെ സ്നേഹമുള്ളയാളും ഒരുപാട് ദുആ ചെയ്യുന്നയാളുമായിരുന്നു. ജമാഅത്തുമായി ആത്മാർഥമായ ബന്ധമുണ്ടായിരുന്നു. തന്റെ വീടിന്റെ താഴത്തെ നില ജമാഅത്തിനുവേണ്ടി വഖ്ഫ് ചെയ്തിരുന്നു. തെക്കൻ ഫലസ്തീനിലെ അഹ്മദിയ്യ ജമാഅത്തിലെ അംഗങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലാണ് ജുമുഅയും ഈദുകളും നമസ്കരിക്കുകയും യോഗങ്ങളും മറ്റും നടത്താൻ ഒരുമിച്ചു കൂടുകയും ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ മകൻ പറയുന്നു: 'പിതാവ് 'ഈഭാഗം' ജമാഅത്തിന് വഖ്ഫു ചെയ്തതായി വസിയ്യത്ത് ചെ

യ്തിട്ടുണ്ട്. രോഗാവസ്ഥയിൽ 'അഹ്മദിയ്യ ജമാഅത്തിൽനിന്ന് തൗബ ചെയ്യുകയാണെങ്കിൽ രോഗം മാറുന്നതാണെന്ന്' ശത്രുക്കൾ അദ്ദേഹത്തോട് പറയാറുണ്ടായിരുന്നു, പക്ഷേ, മർഹൂം ഇതൊക്കെ ആയിരുന്നിട്ടും അവരോട് തബ്‌ലീഗ് സംവാദങ്ങൾ നടത്തിക്കൊണ്ടിരുന്നു. എതിരാളികളിൽ വളരെ മുൻപന്തിയിൽനിന്ന് സംസാരിച്ചിരുന്ന ഒരാളുമായി അദ്ദേഹം സംവാദത്തിൽ ഏർപ്പെടുകയും അയാളെ എത്രമാത്രം നിരുദ്ധകണ്ഠനാക്കിയെന്നാൽ അയാൾക്ക് ഒരു മറുപടിയും കിട്ടാതാകുകയുംചെയ്തിരുന്നു.അദ്ദേഹത്തിന്റെരോഗം കൂടിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ കഇഡ ലേക്ക് പ്രവേശിപ്പിക്കേണ്ടി വന്നു. സംവാദത്തിന്നിടയിൽ പരേതന്റെ മകൻ ശക്തമായ എതിർപ്പുകൾ പ്രകടിപ്പിച്ചിരുന്ന മുല്ലാക്കളോടു പറഞ്ഞു: 'നിങ്ങൾ എന്റെ പിതാവിനെ വിടുക. അദ്ദേഹം നല്ല അനുഭവവും പരിജ്ഞാനവുമുള്ള ആളാണ്. നിങ്ങൾക്ക് അദ്ദേഹത്തെ മാറ്റാൻ സാധ്യമല്ല.' ഏതായിരുന്നാലും മകൻ പറയുന്നു: 'പിതാവ് മരണവേളയിൽ തന്റെ മരണത്തിൽ നിങ്ങൾ നിരാശരാകരുതെന്ന് ഞങ്ങളെ ഉപദേശിക്കുകയുണ്ടായി. പിന്നെ ഹദ്റത്ത് ബിലാൽ(റ)ന്റെ ഒരു വാചകം ഉരുവിട്ടുകൊണ്ടിരുന്നു:

ഗദൻ അൽഖൽ അഹിബ്ബഃ മുഹമ്മദൻ വ സ്വഹ്ബഹൂ അതായത് നാളെ ഞാൻ എന്റെ പ്രിയപ്പെട്ട മുഹമ്മദു സ്വല്ലല്ലാഹു അലയ്ഹിവസല്ലമിനേയും സ്വഹാബാക്കളേയും കണ്ടുമുട്ടുന്നതാണ്.*(ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ വാല്യം 1, പേജ് 499, ഇസ്‌ലാം ഹംസ, ദാറുൽകുതുബുൽ ഇൽമിയ്യബെയ്റുത്ത് 1996)*

പരേതൻ എല്ലാവരുടെയും സ്നേഹഭാജനവും വളരെ സ്നേഹമുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന് ഭാര്യയും മൂന്ന് ആൺമക്കളും നാല് പെൺമക്കളുമാണുള്ളത്. അല്ലാഹു അനഹ്മദികളായ മക്കൾക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. പരേതന്റെ പദവികളുയർത്തുകയും പൊറുത്തുകൊടുക്കുകയും കാരുണ്യം വർഷിക്കുകയും ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ജനാബ് ശെയ്ഖ് നാസിർ അഹ്മദ് സാഹിബ് മഠി തർപാർക്കറിന്റേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം തൊണ്ണൂറാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വാ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം 'മഠി' എന്ന സ്ഥലത്തെ ആദ്യത്തെ അഹ്മദിയായിരുന്നു. 1969-ലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. വളരെ ആവേശഭരിതനായ ദായി ഇലല്ലായും ദീനിപരമായി ആത്മാഭിമാനമുള്ളയാളും ധൈര്യശാലിയുമായിരുന്നു. അഞ്ചുനേര നമസ്കാരത്തിലുള്ള കൃത്യതയും അതിഥി സൽകാരവും ഖിലാഫത്തിനോടുള്ള അകൈതവമായ സ്നേഹവും അദ്ദേഹത്തിൽ പ്രകടമായിരുന്നു. അദ്ദേഹത്തിന് മഠി എന്ന പ്രദേശത്തും സമീപപ്രദേശങ്ങളിലും നിരവധി ബയ്അത്തുകൾ ചെയ്യിക്കാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. ഇവിടെയുള്ള ആദ്യത്തെ മസ്ജിദ് അദ്ദേഹം നൽകിയ സ്ഥലത്താണ് നിർമിച്ചിട്ടുള്ളത്. കുടുംബത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അദ്ദേഹത്തിന് കഠിനമായ എതിർപ്പും സമ്മർദ്ദവുമുണ്ടായിരുന്നു. അദ്ദേഹത്തെ ബഹിഷ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മക്കളുടെ വിവാഹങ്ങളിലൊന്നും ആരും പങ്കെടുത്തില്ല. പക്ഷേ, അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്താൽ കഠിനമായ എതിർപ്പുണ്ടായിട്ടുകൂടി എല്ലാ മക്കളുടെയും വിവാഹം അഹ്മദി കുടുംബങ്ങളിൽതന്നെ നടത്തി. തന്റെ മക്കളുടെ തർബ്ബിയ്യത്തുകാര്യത്തിൽ അദ്ദേഹത്തിന് പ്രത്യേക ശ്രദ്ധ ഉണ്ടായിരുന്നു. എല്ലാവരെയും വിശുദ്ധ ഖുർആൻ പഠിപ്പിക്കുകയും നമസ്കാരശീലമുള്ളവരാക്കുകയും ചെയ്തു. ആദ്യം ഹിന്ദുക്കളായിരുന്ന തന്റെ സ്ത്രീകളുടെ വസ്ത്ര രീതി മാറ്റുകയും എല്ലാവരെയും ബുർഖ ധരിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റബിഅ്(റഹ്) ഒരിക്കൽ അദ്ദേഹത്തെ ശ്ലാഘിച്ചുകൊണ്ട് പറഞ്ഞു: 'എല്ലാ സെന്ററിലും ഒരു നാസിറിനെ നാം ഉണ്ടാക്കുകയാണെങ്കിൽ തീർച്ചയായും നമ്മൾ വിജയിക്കുന്നതാണ്.' അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ രണ്ടു ആൺ മക്കളും നാലു പെൺമക്കളുമാണുള്ളത്. ആൺമക്കൾ ദീനീ സേവനത്തിൽ വ്യാപൃതരും ജീവിതം വഖ്ഫ് ചെയ്തവരുമാണ്. അല്ലാഹു പരേതന്റെ പദവികളുയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം വഖ്ഫ് ജദീദിലെ മുൻ മുഅല്ലിമായിരുന്ന മാലിക് സുൽത്വാൻ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 84-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 1938-ൽ ജംഗ് ജില്ലയിലെ പക്കാനിസ്‌വാന എന്ന സ്ഥലത്താണ് ജനിച്ചത്. ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ ശഹ്സാദാ എന്നറിയപ്പെട്ടിരുന്ന സജ്ജാദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലത്ത് ഖാദിയാനിലെത്തി ബയ്അത്ത് ചെയ്യുകയായിരുന്നു. പരേതൻ മിഡിൽവരെ പഠിച്ചതിനുശേഷം 1960-ൽ വഖ്ഫുജദീദിന് കീഴിൽ സേവനം ചെയ്യാൻ അപേക്ഷ നൽകി. അദ്ദേഹത്തിന്റെ വഖ്ഫ് സ്വീകരിക്കപ്പെട്ടു. അന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റബിഅ്(റഹ്)വഖ്ഫു ജദീദിന്റെ ഇൻചാർജ് ആയിരുന്നു. അദ്ദേഹത്തിന്റെ കീഴിലാണ് ശിക്ഷണം നേടിയത്. അതിനുശേഷം 1960-ൽ മുഅല്ലിമായി നിയോഗിക്കപ്പെട്ടു. ഥർപ്പാർക്കാർ എന്ന സ്ഥലത്താണ് അയച്ചത്. അദ്ദേഹം നല്ല പോലെ സേവനം ചെയ്തു. തുടർന്ന് പാകിസ്താന്റെ പല സ്ഥലങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. 38 വർഷത്തിലധികം സേവന നിരതനായിരുന്നു. തന്റെ ഉത്തരവാദിത്വങ്ങൾ സന്തോഷപൂർവം ചെയ്തുകൊണ്ടിരുന്നു. തബ്‌ലീഗിൽ വലിയ ആവേശമായിരുന്നു. ഈ കാരണംകൊണ്ടുതന്നെ 1968-ൽ അദ്ദേഹത്തിനു നേരെ വധശ്രമവും നടന്നു. സത്യസന്ധത, സഹവർത്തിത്വം അതിഥി സൽക്കാരം സുസ്മേര വദനത്തോടെയുള്ള പെരുമാറ്റം എന്നിവ അദ്ദേഹത്തിന്റെ അടിസ്ഥാന ഗുണങ്ങളായിരുന്നു. തഹജ്ജുദ് അനുഷ്ഠിക്കുന്നയാളും നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയും നിരന്തരം ദുആ ചെയ്യുന്നയാളുമായിരുന്നു. മരണം വരെയും ഖിലാഫത്തുമായി ആത്മാർഥമായ ബന്ധം തുടരുകയും തന്റെ മക്കളെ അതിന് പ്രേരിപ്പിക്കുകയും ചെയ്തു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ടു പെൺമക്കളും മൂന്നു ആൺമക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടുംകൂടി വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം മഹ്ബൂബ് അഹ്മദ് രാജേകി സാഹിബിനെ കുറിച്ചാണ്. അദ്ദേഹം മണ്ടി ബഹാവുദ്ദീനിലെ സഅ്ദുല്ലാഹ്പൂർ നിവാസിയായിരുന്നു. ഇദ്ദേഹം കഴിഞ്ഞ ദിവസം 86-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ടു ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ഒരു മകൻ ജർമനിയിലാണ്. മറ്റുള്ളവർ ലാഹോറിലാണുള്ളത്. പരേതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഗുലാം അലി രാജേകി സാഹിബിന്റെ മകനും ഹദ്റത്ത് മൗലവി ഗുലാം റസൂൽ സാഹിബ് രാജേകിയുടെ സഹോദര പുത്രനും ഹദ്റത്ത് മൗലവി ഗൗഥ് മുഹമ്മദ് സാഹിബിന്റെ ദൗഹിത്രനുമാണ്.

അദ്ദേഹത്തിന്റെ മകൻ മബ്റൂർ സാഹിബ് പറയുന്നു: പിതാവിന് 37 വർഷം സഅ്ദുല്ലാഹ്പൂർ ജമാഅത്തിന്റെ സ്വദ്റായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. നല്ലപോലെ ദുആ ചെയ്യുന്നയാളും നബി(സ) തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും സംശുദ്ധമായ പ്രേമിയും


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


• അല്ലാഹുവിന്റെ കലാം: •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 06 October 2022 Issue-40

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഖിലാഫത്തിനെ വളരെയധികം സ്നേഹിക്കുന്നയാളും നിർഭയനും ധീരനുമായ ജമാഅത്തി സേവകനുമായിരുന്നു. മൂന്നു തവണ അദ്ദേഹത്തിന് ദൈവ മാർഗ്ഗത്തിൽ കൽതുറങ്കിൽ കഴിയേണ്ടി വന്നിട്ടുണ്ട്. അഞ്ചുനേര നമസ്കാരങ്ങളിൽ കൃത്യനിഷ്ഠയുള്ളതോടൊപ്പംതന്നെ കൃത്യമായി ദീർഘമായ തഹജ്ജുദ് അനുഷ്ഠിക്കുന്ന ആളുമായിരുന്നു. നിരവധി തവണ അല്ലാഹു അദ്ദേഹത്തിന്റെ ദുആകൾ ക്ഷണത്തിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജാഗ്രദർശനങ്ങളുണ്ടാകുന്ന വ്യക്തിയായിരുന്നു. തടവിൽ കഴിയുന്ന സമയത്തും സൽസ്വപ്നങ്ങൾ കണ്ടിട്ടുണ്ട്. അതായത് ഇന്ന ദിവസം മോചിപ്പിക്കപ്പെടും. ഇന്ന സമയത്ത് ഇന്ന സംഭവമുണ്ടാകും എന്നെല്ലാം. അതെല്ലാം അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. ആ സമയത്ത് അധികവും ദുആ ചെയ്യുന്നതിലും സ്വലാത്ത് ചൊല്ലുന്നതിലും മുഴുകിയിരുന്നു. ഒരിക്കൽ ഒരു വ്യക്തി എഴുതുകയുണ്ടായി, ഒരു ദിവസം അദ്ദേഹം സ്വുബ്ഹി നമസ്കാരത്തിന് വന്നപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ തൊട്ട് നോക്കുകയുണ്ടായി. അപ്പോൾ ശക്തമായ പനിയുണ്ടായിരുന്നു. എന്നിട്ടും പള്ളിയിൽ ജമാഅത്തായി നമസ്കരിക്കാൻ വരികയുണ്ടായി. **mta**യുമായുള്ള ബന്ധവും ഖിലാഫത്തിനോടുള്ള സ്നേഹവും എത്രത്തോളമുണ്ടായിരുന്നുവെന്നാൽ, അദ്ദേഹത്തിന് ഉച്ചത്തിലുള്ള ശബ്ദങ്ങൾ മാത്രമേ കേൾക്കാൻ കഴിഞ്ഞുള്ളു. മനസ്സിലായില്ലെങ്കിൽപോലും ഖുത്ബയുടെ അവസരത്തിൽ ടീവിയുടെ മുന്നിൽതന്നെ ഇരുന്ന് കേൾക്കാൻ ശ്രമിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ചുറ്റുവട്ടത്തുള്ള ഗ്രാമങ്ങളിലെ നിരവധി അനഹ്മദികൾ വന്നിരുന്നു. എന്നല്ല നേരത്തെയും വരാറുണ്ടായിരുന്നു. അദ്ദേഹത്തിൽ വലിയ വിശ്വാസമായിരുന്നു. ദുആ ചെയ്യിക്കുമായിരുന്നു. വഫാത്തിന് ശേഷം അനുശോചനമറിയിക്കാൻ വന്നവരുമുണ്ടായിരുന്നു. ദുആ ചെയ്യിച്ചിട്ടുണ്ടായിരുന്ന ആളുകൾ പറയുമായിരുന്നു, ഇദ്ദേഹം അഹ്മദി അല്ലായിരുന്നുവെങ്കിൽ ഇദ്ദേഹത്തിന് നൂറുക്കണക്കിന് അല്ലെങ്കിൽ ആയിരക്കണക്കിന് ശിഷ്യന്മാരുണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ ദുആ സ്വീകാര്യതയെ കുറിച്ച് അനഹ്മദികളും സംഭവങ്ങളും ഉദാഹരണങ്ങളും വിവരിച്ചിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കരുണ ചൊരിയുകയും ചെയ്യുമാറാകട്ടെ. പദവികളുയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

ഇൻശാ അല്ലാഹ് നമസ്കാരങ്ങൾക്കു ശേഷം ഞാൻ ഇവരുടെയെല്ലാം ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

**പേജ് 1 ൽ നിന്ന്**

നിവേദനം വരുന്നുണ്ട്. അതായത് ഈ ആയത്തിൽ വിവരിക്കപ്പെട്ട നാലുവസ്തുക്കൾ മാത്രമാണ് നിഷിദ്ധമെന്ന്!*(സ്വഹീഹ് ബുഖാരി വാള്യം 3, റൂഹുൽമആനി വാള്യം 8)*

അബൂദാവൂദിന്റെ നിവേദനമിങ്ങനെയാണ്. അതായത് ഇബ്നുഉമറിന്റേയും ഇതേ അഭിപ്രായമാണെന്ന്. അതിൽ വരുന്നു, ***അന്നഹൂ സുഇല അൻ ഉക്ലിൽഖൻഫുദി ഫതലാ ഖുല്ലാ അജിദു ഫീമാ ഊഹിയ ഇലയ്യൽ ആയഃ***(സുനൻ അബൂദാവൂദ് ഭാഗം 3, കിതാബുൽ അത്വ്അമ)*

ഹദ്റത്ത് ആഇശ[റ]യിൽനിന്നു ഇബ്നു അബീഹാത്വിമും മറ്റു ചിലയാളുകളും മുസന്നദിൽനിന്ന് വിവരിച്ചിരിക്കുന്നു: ***ഇന്നഹാ കാനത്ത് ഇദാ സുഇലത്ത് അൻ അക്‌ലി കുല്ലി ദീ നാബിൻ മിനസ്സിബായി വ മുഖ്‌ലബിൻ മിനത്ത്വയ്‌രി ഖാലത്ത് ഖുൽ ല്ലാ അജിദു ഫീ മാ ഊഹിയ ഇലയ്യൽ ആയഃ*** *(റൂഹുൽമആനീ വാള്യം 8)*

ഇപ്രകാരം ഇബ്നു അബീ ഹാത്തിം ഇബ്നു അബ്ബാസിൽനിന്ന് നിവേദനം ഖാല ലയ്സ മിനദ്ദവാബി ശയ്ഉൻ ഹറാമുൻ ഇല്ലാ മാ ഹർറമല്ലാഹു തആലാ ഫീ കിതാബിഹീ ഖുൽ ല്ലാ അജിദു ഇമാം മാലിക്കിന്റെ അഭിപ്രായവും ഇതുതന്നെയായിരുന്നു. *(റൂഹുൽമആനീ വാള്യം 8) (സൂറ അൻആമിലെ ആയത്ത്)*


ഇപ്പോൾ ഉദിക്കുന്ന ചോദ്യം മറ്റുള്ള എല്ലാവസ്തുക്കളും തിന്നുന്നത് അനുവദനീയമാണോ? എന്നതാണ്. ചില ഇമാമുമാരുടെ അഭിപ്രായം ഇതുകൂടാതെ മറ്റെല്ലാ വസ്തുക്കളും തിന്നുന്നത് അനുവദനീയമാണെന്നാണ്. എന്നാൽ, എന്റെ അഭിപ്രായത്തിൽ ചില വസ്തുക്കൾതിന്നുന്നത് അനുവദനീയമല്ലാതിരുന്നിട്ടും നമുക്ക് ശരീഅത്തിന്റെ സാങ്കേതികാർഥത്തിൽ അവയെ ഹറാം അഥവാ നിഷിദ്ധമെന്ന് പറയാൻ പറ്റുകയില്ല. ഇബ്നുമാജയിൽ സൽമാൻ[റ]ന്റെ നിവേദനമുണ്ട്, നബി[സ]തിരുമേനി പറഞ്ഞു; ***അൽഹലാലു മാ അഹല്ലല്ലാഹു ഫീ കിതാബിഹീ വൽഹറാമു മാ ഹർറമല്ലാഹു ഫീ കിതാബിഹീ***(ഇബ്നു കഥീർ വാള്യം 1, ആയത്ത് സൂറ ബഖറ)*

ഇതിൽനിന്ന് ഞാൻ ഫലമെടുക്കുന്നത്, അല്ലാഹു ഏതെല്ലാം വസ്തുക്കളെയാണോ അനുവദനീയ മാക്കിയിട്ടുളളത് അവയെമാത്രമെ നമുക്ക് ഹലാൽ അഥവാ അനുവദനീയമെന്ന് പറയാൻ പറ്റുകയുള്ളുവെന്നും ഏതൊന്നിനെയാണോ ഹറാമെന്ന് പറഞ്ഞിരിക്കുന്നത് അവയെ മാത്രമെ നമുക്ക് ഹറാമെന്ന് പറയാൻ പറ്റുകയുള്ളുവെന്നുമാണ്. ഇതിനിടയിലുള്ള ബാക്കി വസ്തുക്കൾ ഹലാലിന്റേയും ഹറാമിന്റേയും ആജ്ഞാനുവർത്തിയായിരിക്കും. ***ദലാലത്തുന്നസ്സ്*** എന്ന നിലയിലായിരിക്കുകയില്ല. സൂറ മാഇദയിലും സൂചനയായി ഇതേ സത്യതയിലേക്ക് ശ്രദ്ധ ക്ഷണിക്കപ്പെട്ടിരിക്കുന്നു. അവിടെ പറഞ്ഞിരിക്കുന്നു, ***ഉഹില്ലത്ത് ലക്കും ബഹീമത്തുൽഅൻആമി ഇല്ലാ മാ യുത്‌ലാ അലയ്ക്കും*** നിങ്ങൾക്ക് നിഷേധിക്കപ്പെട്ടതെന്ന് ഓതിക്കേൾപ്പിക്കപ്പെടുന്നതൊഴിച്ചുള്ള നാൽക്കാലി മൃഗങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നു.

നാൽക്കാലി മൃഗങ്ങൾ പലതരത്തിലുള്ളതുണ്ട്. ഒട്ടകം, ആട്, ചെമ്മരിയാട്, കാട്ടാട്, പശു ഇതെല്ലാം അനുവദനീയമാണ്. ഇതിനുശേഷം പറഞ്ഞു: ***ഹുർറിമത്ത് അലയ്ക്കുമുൽ മയ്ത്തത്തു വദ്ദമു വ ലഹ്മുൽ ഖിൻസീരി വമാ ഉഹില്ല ലി ഗയ്‌രില്ലാഹി ബിഹീ*** അതായത് ഈ അനുവദനീയമായ വസ്തുക്കൾക്കെതിരിൽ കുറച്ചു

അത് അനുവദനീയമായ മൃഗത്തിന്റേതാണെങ്കിലും നിഷിദ്ധമാണ്. രണ്ടാമത്തേത് രക്തം. അത് അനുവദനീയമായ മൃഗത്തിന്റേതാണെങ്കിലും നിഷിദ്ധമാണ്. മൂന്നാമത്തേത് പന്നിയിറച്ചി. നാലാമത്തേത് അല്ലാഹുവല്ലാത്ത മറ്റു വല്ലതിന്റേയും പേരിൽ അർപിക്കപ്പെട്ടത്. പിന്നീട് ശവത്തിന്റേയും രക്തത്തിന്റേയും കൂടുതൽ വിശദീകരണം നല്കപ്പെട്ടിരിക്കുന്നു. പറഞ്ഞു:നത്വീഹത്തുൻ, മൗഖൂദത്തുൻ തുടങ്ങിയവ ഹറാമാണ്. ഇതു പുതിയതായി നിഷിദ്ധമാക്കപ്പെട്ടതല്ല. പ്രത്യുത മയ്ത്തത്തുന്റേയും ദമുന്റേയും വിശദീകരണമാണ്. ഇതെല്ലാം വിവരിച്ചുകൊണ്ട് പിന്നീട് അല്ലാഹു പറയുന്നു: യസ്അലൂനക്ക മാദാ ഉഹില്ല ലഹും അതായത് തങ്ങൾക്കുവേണ്ടി ഏതേതെല്ലാം വസ്തുക്കളാണ് അനുവദനീയമാക്കപ്പെട്ടിരിക്കുന്നതെന്ന് മുസൽമാൻ ചോദിക്കുന്നു. ഇപ്പോൾ ഇന്നമാ ഹർറമ അലയ്ക്കുമു എന്നതിന്റെ അർഥം അവ കൂടാതെയുള്ളതെല്ലാം തിന്നുന്നത് അനുവദനീയമാണെങ്കിൽ, വിശുദ്ധ ഖുർആൻ ഈ നാലു വസ്തുക്കളെ ഈ ചോദ്യത്തിനുമുമ്പേ വിവരിച്ചത്, പിന്നീടെന്തിനാണ് ഈ ചോദ്യം ആവർത്തിച്ചത്?

ഹറാമും ഹലാലുമായിട്ടുള്ള വസ്തുക്കൾ വിവരിച്ചതിനുശേഷം വീണ്ടും ഈ ചോദ്യം വിവരിക്കുക എന്നതും അതിന്റെ മറുപടി നല്കുകയെന്നതും, ആദ്യത്തെ ഹലാലായ വസ്തുക്കളുടെ വിശദീകരണത്തിൽ എന്തോ കുറച്ച് അവ്യക്തത ബാക്കിയുണ്ടെന്നും അതിനെ സംബന്ധിച്ചാണ് സ്വഹാബത്ത് ചോദിച്ചതെന്നുമാണ്. അല്ലാഹുവും അവരുടെ ചോദ്യത്തിന് *നാമിപ്പോൾ പറഞ്ഞു കഴിഞ്ഞതാണ്, പിന്നീടെന്തിന് ചോദിക്കുന്നു* എന്ന മറുപടി നല്കിയില്ല. പ്രത്യുത അവരുടെ ചോദ്യത്തിന്റെ ആവശ്യകത അംഗീകരിച്ചുകൊണ്ട് അതിനു മറുപടി നല്കി. ആ മറുപടി ഇങ്ങനെയാണ് നല്കിയത്. ഖുൽ ഉഹില്ലലക്കുമുത്ത്വയ്യിബാത്ത് ബാക്കിയുള്ള പരിശുദ്ധമായ വസ്തുക്കൾ അനുവദനീയമാണ്. പരിശുദ്ധമായ വസ്തുക്കളല്ലാത്തത് അനുവദനീയമല്ല. ഇതിൽനിന്ന് എല്ലാ അനുവദനീയമായ വസ്തുക്കളും പരിശുദ്ധമല്ലെന്ന് മനസ്സിലാകുന്നു. പരിശുദ്ധമായതുമാത്രം തിന്നുന്നത് അനുവദനീയമാണ്. മറ്റുള്ളത് തിന്നുന്നത് അനുവദനീയമല്ല. പക്ഷേ അവയ്ക്ക് ഹറാമെന്ന് പേരുവെക്കാൻ സാധ്യമല്ല. നബി[സ]തിരുമേനിയും ഇത്തരത്തിലുള്ള വിഷയം വിവരിച്ചിട്ടുണ്ട്. ഒരു ഹദീഥിൽ വന്നിരിക്കുന്നു:***ഇന്ന ഹലാല ബയ്യിനുൻ വൽഹറാമ ബയ്യിനുൻ വ ബയ്നഹുമാ ഉമൂറുൻ മുശ്ത്തബിഹാത്തുൻ ലാ യഅ്‌ലമുഹാ കഥീറുൻമ്മിനന്നാസി.*** ഹലാൽ വ്യക്തമാണ്. ഹറാം വ്യക്തമാണ്. എന്നാൽ, അവ രണ്ടിനുമിടയിൽ സാദൃശ്യമായ ചില സംഗതികളുണ്ട്. അവയെ അധികമാളുകളും അറിയുന്നില്ല. അതിനെ കുറിച്ച് ഖിയാസും ഇൽമെത്വിബ്ബും, പരിചയസമ്പത്തുംകൊണ്ട് വിധി പറയുന്നതായിരിക്കും.*(തഫ്സീറെ കബീർ, വാള്യം 4, പേജ് 260, പ്രസാധനം ഖാദിയാൻ 2010)*




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin